HON'BLE MR. A. J. JOHN: I second it.

MR. K. SIVARAMA PILLAI: I wish to point out to the Treasury Bench the irregularity in the procedure that is being followed. Yesterday the Prime Minister assured this House that the amount of supplementary grants would be taken from other items which have been voted upon by this House, but which at their direction they think as unimportant. Necessarily when such supplementary grants are asked for and when there is no surplus in the Budget, naturally the Budget we finalised has to be altered. Anyhow they wish to alter an item which this House has thought to be important but which in their opinion is unimportant. We are entitled to know what are the items which, according to them, are unimportant so that this House may allow the diversion of the fund to more important business.

HON'BLE MR. T. K. NARAYANA PILLAI: ഏതിനത്തിൽ നിന്നുമാണ് പേ കമ്മീഷൻ സ്റ്റാഫിലേക്കുള്ള തുക എടുത്തു ചിലവാക്കാൻ പോകുന്നതെന്നു എന്റെ സ്നേഹിതൻ മി. ശിവരാമപിള്ള അഭ്യർത്ഥനത്തിന്റെ പ്രസംഗത്തിൽ സൂചിപ്പിക്കയുണ്ടായി. ഗവണ്മെൻറിന്റെ തീർച്ചയിൽ മാത്രമല്ല ബഹു: ഈ മെമ്പറന്മാരുടെ തീർച്ചയിൽ തന്നെ നിയോഗിക്കപ്പെട്ട പേകമ്മീഷനും അഭ്യർത്ഥനത്തിന്റെ ആഫീസ് സിൽബന്ധികൾക്കും വേണ്ടിവരുന്ന ചിലവു്, മറ്റു ചിലവുകളോടൊപ്പം ഗവണ്മെൻറിൽ നിന്നും, അതായതു താരതമ്യേന ചിലവാക്കാവുന്ന സംഖ്യയിൽ നിന്നും ഒരുഭാഗമാണ് ഈ വക ചിലവുകൾക്കായി ഉപയോഗിക്കാമെന്നു ഗവണ്മെൻറ് വിചാരിക്കുന്നതു്.

The motion was put to vote and passed and the grant made.

LEGISLATIVE BUSINESS

THE TRAVANCORE CIVIL COURTS ACT (AMENDMENT) BILL.

HON'BLE MR. A. J. JOHN: I beg to present the report of the select committee on the Travancore Civil Courts Act (Amendment) Bill and move that the Bill as reported on by the committee may be taken into consideration.

HON'BLE MR. N. KUNJURAMAN: I second it.

MR. PRESIDENT: The question is whether the Bill as revised by the Select Committee may be taken into consideration.

MR. P. NANOO: സർ, തിരുവിതാംകൂർ സിവിൽകോടതി ആക്ടു് അമെൻഡ മെൻറുബില്ലിനു ഒരു ബഹുമാനപ്പെട്ട മെമ്പറും ഭേദഗതി അയച്ചുകാണുന്നില്ല. സ്റ്റാൻഡിംഗ് ആർഡർ ൪൦-ാം റൂൾ അനുസരിച്ചു രണ്ടു ദിവസത്തിനു മുൻപു് ബിൽ ആലോചനക്കുവരുന്നതിനു ഭേദഗതികൾ വല്ലതും ഉണ്ടെങ്കിൽ അയച്ചിരിക്കേണ്ടതാണ്. എന്നാൽ

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റാൻഡിംഗ് ഓർഡർ നമ്പർ-ാം റൂൾ അനുസരിച്ച് എനിക്ക് ഒരു ഭേദഗതി ഹാജരാക്കാൻ അനുവാദം തരാവുന്നതാണ്. കാരണം കാലേക്കൂട്ടി ഭേദഗതി അയച്ചുതരുന്നതിന് എനിക്ക് സാധിച്ചിട്ടില്ല എന്നുള്ളതാണ്. എന്റെ അമെൻഡ്മെൻറ് എന്തെന്നാൽ ഈ ബില്ലിൽ ക്ലാസ്സ് 8-ൽ ഫ ഫ എ-യിലും ബി-യിലും അഞ്ച് എന്ന വാക്കു മാറ്റി ആ സ്ഥാനത്തു രണ്ട് എന്ന ചേർക്കണമെന്നാണ്. ഈ ഭേദഗതി സ്വീകരിക്കണമെന്നാണു ഞാൻ ഗവണ്മെൻറിനെ ഉൽബോധിപ്പിക്കുന്നത്. ഇങ്ങനെ ഭേദഗതി ചെയ്യുന്നതുകൊണ്ട് പൊതുജനങ്ങൾക്ക് ഉപകാരമല്ലാതെ ഒരു തരത്തിലും ദോഷംവരാനിടയില്ലെന്നാണ് എന്റെ വിശ്വാസം.

HON'BLE MR. A. J. JOHN: ഒരു പോയിൻറ് ഓഫ് ഓർഡർ.

When a motion that a Bill be taken into consideration has been carried any member may propose an amendment to the Bill. If notice of a proposed amendment has not been given two clear days before the day on which the Bill is to be considered, any member may object to the moving of the amendment and such objection shall prevail, unless the President, in his discretion, allows the amendment to be moved.

അതായത്, ഈ ബില്ലിനെപ്പറ്റിയുള്ള സിലക്ട് കമ്മിറ്റി റിപ്പോർട്ട് വളരെ ദിവസത്തിനുമുമ്പുതന്നെ മെമ്പറന്മാർക്കു വിതരണം ചെയ്തിട്ടുണ്ട്. വല്ല ഭേദഗതികളും ആവശ്യമാണെന്ന് ഏതെങ്കിലും മെമ്പറിന് തോന്നിയിരുന്നുവെങ്കിൽ അവ റൂൾ അനുസരിച്ച് നേരത്തേ തന്നെ അയക്കുമായിരുന്നു. അങ്ങനെ ഒരു ചെയ്തിട്ടില്ല. അതു കൂടാതെ ഈ ബിൽ അതിന്റെ രണ്ടാം വായനാസമയത്തു് ഏതെങ്കിലും അമെൻറുമെൻറ് കൊണ്ടുവന്നാൽ തന്നെയും അനുവദിക്കാൻ പാടില്ലെന്നാണ് എനിക്കു് ബഹു. പ്രസിഡൻറിനെ അറിയിക്കാനുള്ളത്. ഇതിനെ സംബന്ധിച്ച് ഒരു റൂളിംഗ് പ്രസിഡൻറ് നടക്കണമെന്നുകൂടി ഞാൻ അഭ്യർത്ഥിക്കുന്നു.

MR. P. NANOO: സർ. സിവിൽകേസ്സു് സംബന്ധമായി നാട്ടുകാരെ സാരമായി ബാധിക്കുന്ന ഒരു സംഗതിയായതുകൊണ്ടാണ് ഞാൻ ഈ ബില്ലിൽ ഒരു ഭേദഗതി വേണമെന്നാവശ്യപ്പെട്ടിട്ടുള്ളതു്. ഈ ഭേദഗതി എത്രമാത്രം ഗൗരവമേറിയതും അതേസമയം തന്നെ പൊതുജനോപകാരപ്രദവും ആണെന്നുള്ളതു് സിവിൽകോടതിയുമായി പരിചയമുള്ള ഏതൊരാൾക്കും അറിയാവുന്നതാണ്. അഞ്ഞൂറുരൂപയുടെ ഒരു സ്മാൾകാസ്കേസ്, അതിന്റെ അവസാനവിധിക്കായി ഒരു കോടതിക്കു അധികാരം കൊടുക്കുക എന്നുവരുന്നതു് നീതിന്യായ നിർവ്വഹണത്തിനു അനുയോജ്യമാണോ എന്നുള്ളതാണ് നമ്മുടെ ആലോചനാവിഷയം.

LIBRARY ARCHIVES Kerala Legislative Assembly

MR. PRESIDENT: നിങ്ങളുടെ അമൻറുമെൻറ് എന്താണെന്ന ഒന്നുകൂടി വിശദമാക്കണം.

MR. P. NANOO: ഞാൻ അതു് ഒന്നുകൂടി പറയാം. ഈ ബില്ലിൽ ക്ലാസ്സ് ഒ, ഫ ഫ ഏ, ലൈൻ നമ്പർ അഞ്ഞൂറ് എന്ന വാക്കിനു പകരം ൫൦൦ എന്ന പദം ചേർക്കണമെന്നാണു് എൻറെ ഭേദഗതി. കോടതികളിലെ എല്ലാ ഉദ്യോഗസ്ഥന്മാരും ശേഷിയും ബുദ്ധിസാമർത്ഥ്യവും ഉള്ളവരല്ല. ഒരു കേസിൽ അഞ്ഞൂറു രൂപാവരെയുള്ള തുകയ്ക്ക് ഒരു കോടതിക്കു പരമാധികാരം കൊടുക്കുന്നതായാൽ അതിൽ പല വിഷമതകളും വരുന്നതിനിടയുണ്ടു്. ശരിയായ നീതിന്യായ നടപ്പിനു വേണ്ടി, നീതിന്യായം അനുസരിച്ചുതന്നെ ഒരു അവസാന വിധി എഴുതാൻ കോടതിക്കു് എപ്പോഴും സാധിച്ചു എന്നു വരുന്നതല്ല. ഇത്തരം കേസുകൾ തീർച്ച ചെയ്യേണ്ടിവരുന്നതു് മിക്കവാറും രാഷ്ട്രീയകാര്യങ്ങൾ സംബന്ധിച്ചു ചില പ്രത്യേക വ്യക്തിയെയോ കക്ഷികളെയോ തൃപ്തിപ്പെടുത്താൻ വേണ്ടി നിയമിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥന്മാരാണു്. അവക്കു് നീതിന്യായം നടത്താൻ ശേഷിയും സത്യസന്ധതയും ഇല്ലെന്നു വരാം. ഈ ബിൽ ഇങ്ങനെ ഉള്ളവരുടെ വിധിയെ അവസാന വിധിയായും തീർക്കുന്നു. ആ വിധിയിന്മേൽ പരിശോധന അധികാരം വച്ചിട്ടുണ്ടു് എന്നുള്ളതു ഞാൻ വിസ്മരിക്കുന്നില്ല. അനുഭവത്തിൽ പരിശോധന അധികാരം പറയത്തക്ക പ്രയോജനം ചെയ്യുന്നതല്ല. അതുകൊണ്ടാണു് എൻറെ ഭേദഗതി അവതരിപ്പിക്കാൻ അനുവാദം വേണമെന്നു് അപേക്ഷിക്കുന്നതു്.

HON'BLE MR. A. J. JOHN. അഞ്ഞൂറു രൂപാവരെ ഉള്ള കേസുകൾ വിസ്തരിക്കുന്നതിനു് എല്ലാ മുൻസിഫന്മാർക്കും അധികാരം കൊടുക്കേണ്ടതാണെന്നു് ഈ ബില്ലിൽ പറഞ്ഞിട്ടില്ല. വ്യാപാര സംബന്ധമായും മറ്റും ഉണ്ടാകുന്ന കേസുകൾ തീരുമാനിക്കുന്നതിനു് കാലതാമസം വന്നു പോകുന്നു എന്നുള്ള പരാതി അനുസരിച്ചാണു് ഇങ്ങനെ പുതുതായ ഒരു സ്മാൾകോസ് കോടതി ജഡ്ജിയെ നിയമിക്കേണ്ടതു് അത്യാവശ്യമാണെന്നു് വിചാരിച്ചതു്. ബഹു. മെമ്പറിൻെറ വാദഗതിയിൽ നിന്നും എനിക്കു് മനസിലാക്കാൻ കഴിഞ്ഞതു് തിരുവിതാംകൂറിലുള്ള സിവിൽകോടതികളിലെ എല്ലാ മുൻസിഫന്മാർക്കും അഞ്ഞൂറു രൂപാവരെ മാത്രം ഉള്ള കേസുകൾ തീരുമാനിക്കുന്നതിനധികാരം കൊടുത്തിരിക്കുന്നു എന്നാണു്. ബഹു. മെമ്പറിൻെറ ഈ വ്യാഖ്യാനം ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം ശരിയല്ലെന്നു തന്നെ പറയേണ്ടിയിരിക്കുന്നു.

MR. K. P. NILAKANTA PILLAI: May I know, Sir, whether the motion has been allowed for discussion.

LIBRARY ARCHIVES Kerala Legislative Assembly

MR. PRESIDENT : Because I allowed Mr. Nanoo to speak on this I allowed the Minister also to reply to it.

MR. P. NANOO: സർ, ഈ ബില്ലിൽ, ക്ലാസ് നു-ൽ "എവരി മുൻസിഫ്" എന്ന പദം പ്രയോഗിച്ചിരിക്കുന്നു. ആ വകുപ്പ് ഒന്നു വായിച്ചുനോക്കൂ, ആ ക്ലാസിന്റെ അർത്ഥമെന്താണെന്ന് ഒന്നു പറഞ്ഞു തന്നാൽ കൊള്ളാം.

HON'BLE MR. A. J. JOHN: സെക്ഷൻ ഫൈവ്-ൽ സിവിൽകോടതി ആക്ടിന്റെപ്പറ്റിയാണ് പറഞ്ഞിരിക്കുന്നത്. അതു ഞാൻ വായിക്കാം:

Every Munsiff shall try as Small Causes all suits of a Civil nature, except suits specified in schedule No. II here to annexed, the amount or value of which does not exceed one hundred rupees. Besides our High Courts, there shall be three classes of Civil Courts, viz., District Courts, Courts of Small Causes, and Courts of the Munsiffs.

ഇതനുസരിച്ചാണ് ഈ സെക്ഷൻ ഡീൽ ചെയ്തിരിക്കുന്നത്.

MR. P. NANOO: സർ, അമെൻഡ്മെൻറ്ബില്ല് തരുമ്പോൾ ഒറിജിനൽ ആക്ടുകൂടി തരണം. അല്ലെങ്കിൽ വലിയ വിഷമം ഉണ്ടാകുന്നു. അതു നോക്കിയെങ്കിലേ കാര്യങ്ങൾ ശരിക്ക് അറിയുന്നതിന് സാധിക്കുകയുള്ളൂ.

HON'BLE MR. A. J. JOHN : ആക്ട്സ് ആൻഡ് പ്രൊക്ലമേഷൻസ് എന്ന പബ്ലിക്കേഷനിൽ ആക്ട് ഉണ്ട്. അത് ലെജിസ്ലേറിവ് ലൈബ്രറിയിൽ ഉണ്ട്. അവിടെനിന്നും എടുത്തുനോക്കാം.

MR. P. NANOO: ഈ ആവശ്യത്തിലേക്ക് മെമ്പറന്മാർ ചക്രം കൊടുത്ത് പുസ്തകം വാങ്ങണമെന്നാണോ പറയുന്നത്. ആ മുമതല മെമ്പറന്മാക്ക് ഇല്ലെന്നാണ് എന്റെ വിശ്വാസം. അതുകൊണ്ട് എപ്പോഴും അമൻഡ്മെൻറ്ബിൽ അയക്കുമ്പോൾ ഒറിജിനൽ ആക്ടുകൂടി അയച്ചുതരേണ്ടതാണ്. എന്റെ ഭേദഗതി കേട്ടതിനുശേഷം ഈ ഹൗസ് ആലോചിച്ച് ആവശ്യമില്ലെന്നു കണ്ടാൽ തള്ളിക്കളയാവുന്നതാണ്. അതിനാൽ എന്റെ ഭേദഗതി അവതരിപ്പിക്കാൻ അനുവാദം തരണമെന്നുപേക്ഷിക്കുന്നു.

MR. P. S. NATARAJA PILLAI: Before a ruling is made on the matter, may I also plead that the Chair will sympathetically consider the question so that he himself, as a lawyer, explain the position and enable the position to be adopted here. After all, we are in the legislature. It is a Civil Court Acts amendment which will bind all the people. Why not an opportunity be given to hear both sides and decide? Nothing will be lost. I would plead that right may be given and that an exception may be granted for the mover to move this amendment.

LIBRARY ARCHIVES Kerala Legislative Assembly

MR. PRESIDENT : I allow that amendment.

MR. P. NANOO: അമൻറുമെൻറുബിൽ അയച്ചതന്നിട്ടുണ്ടെങ്കിലും ഞാൻ ആദ്യം പറഞ്ഞപോലെ അത കീറുകടലാസു വച്ചുനോക്കിയാൽ ഒന്നും മനസ്സിലാകുകയില്ല.

MR. PRESIDENT : That is not relevant to the amendment.

MR P. NANOO: എൻെറ അമൻറുമെൻറ് ക്ലാസ്സ് 8-ഫ ഫ ഏ-ക്കും ബീക്കുമാണ്. അതായതു്, അതിൽ 'അഞ്ചു്' എന്നു് കാണുന്ന വാക്കു് എടുത്തുകളഞ്ഞിട്ടു് ആ സ്ഥാനത്തു് 'രണ്ടു്' എന്നുള്ള വാക്കു് ചേർക്കണമെന്നുള്ളതാണു് ഭേദഗതി. സ്മാൾകോസ് ജൂറിസ്ഡിക്ഷൻ ഇപ്പോൾ ഫ 0 0 രൂപാവരെയാണു്. ഫ 0 0 രൂപയിൽ കവിഞ്ഞ സംഖ്യ സിവിൽജൂറിസ് ഡിക്ഷനിൽപ്പെടുന്നു. ഈ ബില്ലനുസരിച്ചു് @ 0 0 രൂപാവരെയുള്ള സ്മാൾകോസ് കേസുകൾ വിസ്തരിച്ചു് തീർച്ച ചെയ്യുമ്പോൾ അതു് അവസാന തീർച്ചയായിരിക്കുമെന്നും കാണുന്നുണ്ടു്. അങ്ങനെയുള്ള അവസാന തീർച്ച ചെയ്യുന്ന ജഡ്ജിമാർ ആരൊക്കെയായിരിക്കണം; അവരെ എങ്ങിനെയാണു് നിയമിക്കേണ്ടതു് എന്നൊന്നും ഞാൻ ഇതിൽ കാണുന്നില്ല. എങ്ങനെയുള്ള ആളുകൾക്കാണു് ഈ അധികാരം കൊടുക്കുന്നതെന്നും ഞാൻ ഇതിൽ കണ്ടില്ല. ഏതു തരത്തിലുള്ളവർക്കായാലും ഇങ്ങനെയുള്ള ഒരു പരമാധികാരം കൊടുക്കുന്നതു് നീതികരിക്കത്തക്കതല്ല. @ 0 0 രൂപാ എന്നു പറയുന്നതു തിരുവിതാംകൂറിലാണെങ്കിൽ ഒരു വലിയ സംഖ്യയാണു്. ചിലപ്പോൾ ഒരു കുടുംബത്തിൻെറ ആകെയുള്ള സ്വത്തായിരിക്കും ഈ തുക. ഈ സ്ഥിതിക്കു് @ 0 0 രൂപായുടെ ഒരു വ്യവഹാരംകൊണ്ടു് കൊടുത്താൽ സത്യസന്ധതയും സ്വഭാവശുദ്ധിയും ഇല്ലാത്ത ഒരു ജഡ്ജിയാണു് തീർച്ചചെയ്യുന്നതെങ്കിൽ ചിലപ്പോൾ കേസു തോറ്റ @ 0 0 രൂപയും നഷ്ടപ്പെടും. കുടുംബം നശിക്കും. കൂടാതെ കോട്ടഫീസ് ഇനത്തിൽ ഒരു തുകയും കൂടി മുതലിനു പുറമെ നഷ്ടപ്പെടും. ഇങ്ങനെ നഷ്ടം സഹിടാവുന്ന കക്ഷി കേസു കൊടുക്കാതിരുന്നാൽ കോർട്ടഫീസെങ്കിലും നഷ്ടപ്പെടാതെ കയ്യിൽ ഇരിക്കും. അതുകൊണ്ടു് ഈ ബിൽ അനുസരിച്ചു @ 0 0 രൂപായുടെ പരമാധികാരം കൊടുക്കേണ്ട ആവശ്യമില്ലെന്നാണു് ഞാൻ പറയുന്നതു്. ഈ തത്വമാണു് നാം സ്വീകരിക്കേണ്ടതു്. @ 0 0 രൂപാ എന്നു പറയുന്നതു് കച്ചവടക്കാരെ സംബന്ധിച്ചാണെന്നു പറയുന്നു. കച്ചവടക്കാർ അവരെപ്പോലെ സ്വത്തുകാരായ വേറെ കച്ചവടക്കാരുടെപേരിലായിരിക്കയില്ലല്ലോ എപ്പോഴും വ്യവഹാരം കൊടുക്കുന്നതു്. ഒരു ചെറിയ കച്ചവടക്കാരനെയോ, എളിയവനേയോ ധനവാ

LIBRARY ARCHIVES Kerala Legislative Assembly

നായ ഒരു കച്ചവടക്കാരന് ഉപദ്രവിക്കാൻ കഴിയും. പണക്കാരായ കച്ചവടക്കാക്ക് അഴിമതിക്കാരായ ഉദ്യോഗസ്ഥന്മാരെ സ്വാധീനപ്പെട്ടുത്തുന്നതിന് കൂടുതൽ സൗകര്യവും ഉണ്ടാകും. അതുകൊണ്ട് ഇന്നത്തെ നിലയിൽ നമ്മുടെ സാമ്പത്തികസ്ഥിതിയെ ആധാരമാക്കി ഈ ബില്ലിൽ സ്ഥാപകാസ് അതുത്തിയിൽ ഉൾപ്പെട്ടത്തി കാണുന്ന @ 0 0 രൂപാ നിശ്ചയമായും കുറക്കേണ്ടതാണ്. മനുഷ്യക്ക് സഹിക്കത്തക്ക ഒരു ഇരുന്നൂറു രൂപാ ആക്കി സ്ഥാപകാസ് പരമാധികാരം നിശ്ചയം ചെയ്യണമെന്നാണ് ഞാൻ പറയുന്നത്. ഇരുന്നൂറു രൂപാ എന്നാക്കിയാലും ചിലപ്പോൾ അബദ്ധം വന്നേക്കാം. എങ്കിലും ആ നഷ്ടം സഹിക്കാവുന്നതാണെന്നു സമാധാനപ്പെടാം. സിവിൽകോടതിയുമായി ഏതെങ്കിലും തരത്തിൽ പരിചയപ്പെട്ടിട്ടുള്ള എന്റെ മാന്യസ്നേഹിതന്മാർ എല്ലാവരും എന്റെ ഭേദഗതിയോട് യോജിക്കുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ഇന്നാണെങ്കിൽ ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ അഴിമതി, കൈക്കൂലി, സാമർത്ഥ്യക്കുറവ് എന്നുവേണ്ട പലതരത്തിലുള്ള ദുഷ്പ്രവൃത്തികളും ഉണ്ട്. ഇങ്ങനെയുള്ളവരുടെ കയ്യിലാണ് അധികാരം കൊണ്ടുകൊടുക്കുന്നത്. അവരുടെ തീർച്ചയിന്മേൽ പരിശോധനക്കായി സമർപ്പിച്ചാൽ പരിശോധനാധികാരമുള്ള ഉദ്യോഗസ്ഥന്മാർ സംശയത്തിൽ കടന്ന് പരിശോധിക്കുകയില്ല. നടപടിക്രമം ശരിയായിട്ടുണ്ടോ എന്നു നോക്കും. നിയമവിരുദ്ധമാണോ എന്നു നോക്കും. ഇതു രണ്ടും ഇല്ലെന്നു കണ്ടാൽ പരിശോധന തള്ളിക്കളയും. അങ്ങിനെയും രക്ഷപ്പെടാൻ മാർഗ്ഗമില്ല. അതുകൊണ്ട് ഞാൻ പറയുന്നത് എന്റെ ഭേദഗതി കൂടാതെ ഈ ബിൽ പാസാക്കുന്നപക്ഷം ഈ നാട്ടിലെ സാധുക്കളെ സംബന്ധിച്ചിടത്തോളം ഇത് ഒരു വിഷമായിത്തീരും എന്നാണ്. ആ വിഷത്തിന്റെ വ്യാപ്തി കുറക്കുന്നതിലേക്ക് 'അഞ്ഞൂറു' എന്നുള്ളത് 'ഇരുന്നൂറു' എന്ന് ആക്കേണ്ടതാണ്. ഇതുയും പറഞ്ഞുകൊണ്ട് ഞാൻ എന്റെ ഭേദഗതി സഭയുടെ അംഗീകാരത്തിനായി സമർപ്പിച്ചുകൊള്ളുന്നു.

MR. P. KUNJUKRISHNAN (*Quilon II—General*): സർ, ഞാൻ ഈ ഭേദഗതിയെ അനുക്രമിക്കുകയാണ് ചെയ്യുന്നത്. പ്രധാനമായി വ്യവസായകേന്ദ്രങ്ങളിലും കച്ചവടകേന്ദ്രങ്ങളിലും കച്ചവടക്കാരുടേയും വ്യവസായികളുടേയും സൗകര്യത്തെയുദ്ദേശിച്ചാണ് ഈ നിയമമുണ്ടാക്കാനുദ്ദേശിക്കുന്നതെന്നു പറഞ്ഞു. എന്നാൽ കച്ചവടക്കാരല്ലാത്തയാളുകളെ ഇതിൽനിന്ന് ഒഴിവാക്കുന്നുവെന്ന് പറഞ്ഞിട്ടില്ല. അതുകൊണ്ട് ഇപ്പോഴത്തെ ഈ അഞ്ഞൂറു രൂപായെന്നു വച്ചിരിക്കുന്നത് പ്രയോഗത്തിൽ എല്ലാ ജനങ്ങളെയും ബാധിക്കുന്ന ഒന്നായിട്ടാണിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Kunjukrishnan]

അതു് ജനങ്ങൾക്കു് വളരെ കഷ്ടപ്പാടുണ്ടാക്കുന്ന ഒരു ഏർപ്പാടാണു്. എന്നുമാത്രമല്ല സ്മാൾകാസ് കേസുകൾക്കു് നൂറു രൂപായെന്നു വച്ചിരുന്നതു് ഭേദപ്പെടുത്തി അഞ്ഞൂറു രൂപായാക്കി വർദ്ധിപ്പിക്കുന്നതിനു് അടിയന്തിരമായ എന്തെങ്കിലും അത്യാവശ്യം ഇവിടെയുണ്ടോയെന്നു് ഞാൻ സംശയിക്കുന്നു. ഇനി അഥവാ ഒരു പരിവർത്തനം വരുത്തണമെന്നു തോന്നിയാൽത്തന്നെയും നൂറു് എന്നുള്ളതു മാറ്റി ഇരുന്നൂറു് എന്നാക്കുകയാണു് ഏറ്റവും സൗകര്യപ്രദമായിട്ടുള്ളതു്. നേരെമറിച്ചു് കോടതികൾക്കു് അനിയന്ത്രിതമായ ഒരു അധികാരവും അവകാശവുമാണു് ഈ നിയമംമൂലം കൊടുക്കാൻപോകുന്നതു്. നമ്മുടെ നാട്ടിലിപ്പോൾ നൂറു രൂപായാണു് സ്മാൾകാസ് കേസുകൾക്കു് നിശ്ചയിച്ചിരിക്കുന്നതു്. ഈ നൂറു രൂപായെന്നു വച്ചിട്ടുതന്നെ ഇപ്പോൾ സാധാരണ ജനങ്ങൾക്കു് പല കഷ്ടപ്പാടുകളും ഉള്ള സ്ഥിതിക്കു് അതു് അഞ്ഞൂറാക്കിയാൽ അവരുടെ കഷ്ടപ്പാടുകളും പ്രയാസങ്ങളും വളരെ വർദ്ധിക്കാനിടയുണ്ടു് എന്നുള്ളതിനു് യാതൊരു സംശയവുമില്ല. കച്ചവടക്കാരിൽനിന്നു് ധാരാളം നിവേദനങ്ങളും മറ്റും ഇക്കാര്യത്തെപ്പറ്റി ഗവണ്മെന്റിനു് ലഭിച്ചിട്ടുണ്ടെന്നു പറയുന്നു. എന്നാൽ പൊതുജനങ്ങളുടെയിടയിൽ ഇക്കാര്യത്തിൽ അത്ര വളരെ പരാതികൾ ഉണ്ടായിരുന്നതായി പത്രങ്ങളിൽനിന്നോ മറ്റുതരത്തിലോ എനിക്കു് മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല അതു് ഇത്രയടിയന്തിരമായ ഒരു കാര്യമേയല്ലെന്നാണു് എനിക്കു തോന്നുന്നതു്. പിന്നെ മദ്രാസ് പ്രവിശ്യയിൽ ഇങ്ങനെയൊരു ഭേദഗതി വരുത്തിയിട്ടുണ്ടെന്നു പറഞ്ഞു. മദ്രാസ് പ്രവിശ്യയെ തിരുവിതാംകൂറുമായിട്ടു നോക്കുകയാണെങ്കിൽ സാമ്പത്തികമായി ഇവയുടെ തമ്മിൽ വളരെ വ്യത്യാസമുണ്ടു്. അവിടത്തെ സാമ്പത്തികസ്ഥിതി പലതരത്തിലും വളരെ മെച്ചമാണു്. നമ്മുടെ നാടാണെങ്കിൽ പൊതുവേ വളരെ ദാരിദ്ര്യമുള്ള ഒരു നാടാണു്. സാമ്പത്തികമായി യാതൊരു സാമ്യവുമില്ലാത്ത രണ്ടു പ്രദേശങ്ങളാണു് തിരുവിതാംകൂറും മദ്രാസ് പ്രവിശ്യയും അതുകൊണ്ടു് അവിടെ ഇങ്ങനെ ഒരു നിയമമുണ്ടാക്കിയിട്ടുണ്ടെങ്കിൽ നാമതിനെ അനുകരിക്കണമെന്നില്ല. വിശേഷിച്ചും ഒരു പരിവർത്തനഘട്ടത്തിൽ ഇതു മാറണമെന്നുണ്ടെങ്കിൽത്തന്നെയും നമുക്കു് സൗകര്യമായവിധത്തിൽ നൂറു് എന്നുള്ളതു് പരീക്ഷണാർത്ഥം ഇരുന്നൂറു എന്നാക്കി നോക്കുകയും പിന്നീടു് സൗകര്യമാണെന്നു കാണുകയാണെങ്കിൽ അഞ്ഞൂറാക്കുകയും ചെയ്യാവുന്നതാണു്. അഞ്ഞൂറു രൂപാവരെയുള്ള കേസുകളെ സ്മാൾകാസ് ഇനത്തിൽപ്പെടുത്തി അതിനു പ്രത്യേകമായി ജഡ്ജിമാരെ നിയമിക്കാൻപോകുന്നുവെന്നാണു് ബഹുമാന

LIBRARY ARCHIVES Kerala Legislative Assembly

പ്പെട്ട മന്ത്രിയുടെ പ്രസ്താവനയിൽനിന്നും ഞാൻ മനസ്സിലാക്കുന്നത്. വലിയ ഉദ്യോഗം കഴിയുന്നതും കുറയ്ക്കണമെന്ന് വിചാരിക്കുന്നത് ഇക്കാലത്തത്, വിശേഷിച്ചും സാമ്പത്തികമായി വളരെ ക്ലേശങ്ങളുള്ള ഇക്കാലത്തത് തീർച്ചയായിട്ടും ഇനിയും ചെലവ് വർദ്ധിപ്പിക്കുന്നതിനു മാത്രമുതകുന്ന ഇത്തരം ഉദ്യോഗങ്ങൾ സൃഷ്ടിക്കാതിരിക്കാൻ ഗവണ്മെൻറ് ശ്രദ്ധിക്കേണ്ടതാണ്. എന്റെ സ്നേഹിതൻ മി. നാണുവിന്റെ നിർദ്ദേശമനുസരിച്ച് ഇരുന്നൂറ് രൂപായെന്നുള്ള വ്യവസ്ഥ നാം സ്വീകരിക്കുകയാണെങ്കിൽ ഇന്നുള്ള മുൻസിഫ് കോടതികൾക്കുതന്നെ ഈ അധികാരവും കൂടി കൊടുക്കാവുന്നതാണ്. അങ്ങനെയാണെങ്കിൽ മുൻസിഫ് കോടതികളിൽതന്നെ ഈ കേസുകൾ തീരുമാനിക്കാൻകഴിയുന്നതും ഇതിലേക്ക് പ്രത്യേകം ജഡ്ജിമാരെ നിയമിക്കുന്നതിനുവേണ്ടി വരുന്നധിക ചെലവിൽനിന്നും രക്ഷ നേടാവുന്നതുമാണ്. ഈ രാജ്യത്തിന്റെ പ്രത്യേക പരിതഃസ്ഥിതികളെ പരിഗണിച്ചുനോക്കുമ്പോൾ ഒരു പരീക്ഷണമെന്ന നിലയിൽ ഇരുന്നൂറു രൂപായെന്നാക്കുന്നത് ഏറ്റവും ന്യായവും സൗകര്യവുമായിരിക്കുമെന്ന് ഞാനഭിപ്രായപ്പെട്ടുകൊള്ളുന്നു. മാത്രവുമല്ല ഈ വ്യവസ്ഥമൂലം അനിയന്ത്രിതമായ ഒരു അധികാരം ഒരു ജഡ്ജിയിൽ അല്ലെങ്കിൽ പ്രിസൈഡിംഗ് ആഫീസറിൽ നിക്ഷിപ്തമാകാനുള്ള സാദ്ധ്യതയുമില്ല. അതുകൊണ്ട് എന്റെ സ്നേഹിതൻ മി. നാണുവിന്റെ ഭേദഗതി വളരെ ന്യായമായിട്ടുള്ളതാണെന്ന് അഭിപ്രായപ്പെടുകയും അത് സഭ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തുകൊള്ളുന്നു.

MR. S. KUTTAN : സർ, ഞാൻ ഈ ഭേദഗതിയെ അനുകൂലിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസ്താവനയിൽ നിന്നും മനസ്സിലാക്കാൻ സാധിക്കുന്നത് വ്യാപാരികളിൽ നിന്നും വ്യവസായികളിൽ നിന്നും ധാരാളമായി നിവേദനങ്ങളും അപേക്ഷകളും കിട്ടിയിട്ടുള്ളതിന്റെ ഫലമായിട്ടാണ് ഇപ്രകാരം ഒരു ബിൽ ഇവിടെ അവതരിപ്പിക്കാൻ ഇടയായിട്ടുള്ളതെന്നാണ്.

MR. D. GNANASIGHAMONY (*Kalkulum II—General*) : Is the honourable member agreeable to the creation of small cause courts ?

MR. S. KUTTAN : ബഹുമാനപ്പെട്ട മെമ്പറുടെ ചോദ്യത്തിനുത്തരം എനിക്കു പറയാനുള്ള കാര്യങ്ങൾ പറഞ്ഞുകഴിയുമ്പോൾ ലഭിക്കുമെന്നുള്ള വിശ്വാസത്തോടുകൂടി ഞാൻ പ്രസംഗം തുടരാനാഗ്രഹിക്കുന്നു. ഫ.വ.ർ.-ലെ രണ്ടാം ആക്ടായ ട്രാവൻകൂർ സിവിൽ കോർട്ട്സ് ആക്ടു് അനുസരിച്ച് നൂറുരൂപാവരെയുള്ള

LIBRARY ARCHIVES Kerala Legislative Assembly

സ്മാരംകാസ് കേസുകരം വിസ്തരിക്കുന്നതിന് മുൻസിഫന്മാക്ക് അധികാരമുണ്ട്. അതിന്മേൽ അപ്പീൽ അനുവദിച്ചിട്ടില്ല. റിവിഷൻമാത്രമാണുള്ളത്. ഈ സ്മാരംകാസ് കേസുകരം റിവിഷനു പോയാൽ അതിന്മേൽ എടുത്തിട്ടുള്ള തീരുമാനത്തെപ്പറ്റിയോ നടപടികളെപ്പറ്റിയോ ചിന്തിക്കുന്ന പതിവില്ല. നിയമപരമായി എന്തെങ്കിലും ഇറ്റുലാരിറി വന്നിട്ടുണ്ടോ എന്നു നോക്കി തീരുമാനം ചെയ്യുകയാണ് റിവിഷൻ കോടതിയുടെ സാധാരണ പതിവ്. ബ്രിട്ടീഷിൻഡ്യയിൽ സായിപ്പന്മാർ എന്തെങ്കിലും ഒരു നിയമമുണ്ടാക്കിവച്ചാൽ അതു് അതേപടി ഇവിടെയും പകർത്തുക ഒരു പതിവായിരുന്നു. എന്നാൽ പ്രവിശ്യകളിലേയും മറ്റു വ്യാപാരകേന്ദ്രങ്ങളിലേയും സ്ഥിതി നാം നല്ലപോലെ ചിന്തിക്കേണ്ടതാണു്. വ്യാപാരികളുടെ താൽപര്യത്തെ സംരക്ഷിക്കുന്നതിനുവേണ്ടിയാണു് ഈ ബിൽ ഇവിടെ അവതരിപ്പിച്ചു് പാസ്സാക്കി നിയമമാക്കാൻ പോകുന്നതെന്നു പറഞ്ഞു. ഏതൊരു നിമിഷത്തിലാണോ ഈ നിയമത്തിന് മഹാരാജാവു തിരുമനസ്സിലെ അസ്സൻറ് കിട്ടി നടപ്പിൽ വന്നതു് ആ നിമിഷം മുതൽ തിരുവിതാംകൂറിലെ ജനങ്ങളെ കന്യാകുമാരി മുതൽ വടക്കൻപറവൂർവരെയുള്ള സകല ജനങ്ങളേയും അതു പോലെ ബാധിക്കുന്നതായിരിക്കും. തിരുവിതാംകൂറിൽ അപൂർവ്വം ചില സ്ഥലങ്ങളിൽ വ്യാപാരികളും വ്യാപാരകേന്ദ്രങ്ങളുമുണ്ടായിരിക്കാം. അവിടങ്ങളിലെ വ്യാപാരികളുടെ താൽപര്യങ്ങളെയല്ല നാം പ്രധാനമായി നോക്കേണ്ടതു്. സാധാരണ സ്മാരംകാസ് കേസുകരംക്കു തെളിവു് എടുക്കുന്നതു സംബന്ധിച്ചും തീരുമാനങ്ങരം ചെയ്യുന്നതു സംബന്ധിച്ചും കോടതികരം ശരിയായ നിലയിൽ പ്രവർത്തിച്ചു വരുന്നില്ല. അന്ത്യവിചാരണ ദിവസം അവധിക്കു് ഹർജികൊടുത്താൽ ഒരുവിധം കാര്യവിവരമുള്ള മുൻസിഫന്മാർ തക്കമെഴുതിവയ്ക്കണമെന്നു് ആവശ്യപ്പെടാറുണ്ടു്. സിവിരംകേസുകളെ സംബന്ധിച്ചാണെങ്കിൽ ഒന്നിലധികം അവധിക്കപേക്ഷകരം സമ്മതിക്കാറുണ്ടു്. സ്മാരംകാസ് കേസുകരംക്കു് അവധിയനുവദിച്ചാൽ പല കൃത്രിമരേഖകളും നിർമ്മിച്ചു് തെളിവിനു് ഹാജരാക്കുന്നതിനുള്ള സൗകര്യവും സന്ദർഭവും സംജാതമാകുമെന്നുള്ള ഭയംകൊണ്ടു് അന്നു അന്ത്യവിചാരണ ദിവസംതന്നെ തക്കമെഴുതിവയ്ക്കണമെന്നു് കാര്യവിവരമുള്ള മുൻസിഫന്മാർ ആവശ്യപ്പെടുന്നതെന്നാണു് കോടതികളുമായി എനിക്കുള്ള കുറച്ചു കാലത്തെ പരിചയത്തിൽ നിന്നു് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളതു്. സ്മാരംകാസ് കേസുകരം തെളിവിനു വച്ചുകഴിഞ്ഞാൽ വാദിപ്രതികളേയും സാക്ഷിക

LIBRARY ARCHIVES Kerala Legislative Assembly

ളേയും ഒരു ദിവസംതന്നെ വിസ്തരിക്കണമെന്ന് കാര്യവിവരമുള്ള ഉദ്യോഗസ്ഥന്മാക്ക് നിർബന്ധമുണ്ട്. സാക്ഷികളുടെ നിലയേയും വിലയേയും സത്യസന്ധതയേയും ആ കേസുസംബന്ധമായി എടുത്തിട്ടുള്ള തെളിവുകളേയും ആസ്പദമാക്കി ജഡ്ജിമെന്റ് അനൗൺസു ചെയ്യണമെന്നുള്ള സദുദ്ദേശത്തിന്റെ ഫലമായിട്ടാണ് മുൻസിഫന്മാർ ഇങ്ങനെ ചെയ്യാറുള്ളത്. ഫാവർ—ലെ രണ്ടാംക്ലാസ്സിൽ നൂറു രൂപയെന്നു നിശ്ചയിച്ചിരിക്കുന്നതു്, അഞ്ഞൂറുരൂപയായി വർദ്ധിപ്പിക്കുകയാണെങ്കിൽ നാട്ടിലെ സാമാന്യനിലയിലുള്ള കക്ഷിക്കാരെ തുലയ്ക്കാനുള്ള ഒരു നിയമമായിത്തീരുമെന്ന എന്റെ ബഹുമാന്യസ്നേഹിതന്റെ അഭിപ്രായം എനിക്കു മില്ലാതില്ല. ഇക്കാലത്താണെങ്കിൽ തിരുവിതാംകൂറിലെ മുൻസിഫന്മാരും ജഡ്ജിമാരും നിയമിക്കപ്പെടുന്നതു് എങ്ങനെയാണെന്ന് നമുക്കൊക്കെ യറിയാം. സാധാരണ കോടതികളിൽ യാതൊരു കേസുമില്ലാത്തവരായ വക്കീലന്മാരെയാണ് മുൻസിഫന്മാരായി നിയമിച്ചു വരുന്നതു്. ജഡ്ജിമാരുടെ കാര്യത്തിലും വ്യത്യസ്തനില കാണുന്നില്ല. ഇവരെ അഞ്ഞൂറു രൂപവരെയുള്ള സമാറംകാസ് കേസുകൾ തീരുമാനിക്കുന്നതിനുള്ള ജഡ്ജിമാരായി നിയമിച്ചാൽ തെളിവെടുക്കേണ്ട രീതിയെപ്പറ്റിയും, കേസു തീരുമാനിക്കേണ്ട നയത്തെപ്പറ്റിയും യാതൊരു പരിജ്ഞാനവുമില്ലാതെ ഇവർ എന്തൊക്കെയാണു് ചെയ്യുന്നതെന്നു് പണ്ടറിയേണ്ട ഒരു കാര്യമാണു്. പല സാധുകുടുംബങ്ങളേയും ദാരിദ്ര്യദേവതയുടെ കരാളദംഷ്ട്രങ്ങളുടെയിടയിൽപ്പെട്ടു് വീർപ്പുമുട്ടുന്ന പരിതഃസ്ഥിതികൾ ഇതുമൂലം സംജാതമാകാതിരിക്കാനിടയില്ല. അതുകൊണ്ടു് എന്റെ ബഹുമാന്യസ്നേഹിതൻ പി. നാണു ഇവിടെ അവതരിപ്പിച്ച ഭേദഗതിയെ എതുയുംശക്തിയായി പിൻതാങ്ങുകയും സാധുക്കളുടെ രക്ഷയെ പരിഗണിച്ചു് ഈ അഞ്ഞൂറു രൂപയെന്നുള്ളതു് ഇരുനൂറു രൂപയാക്കണമെന്നുള്ള ഭേദഗതിയെ സ്വീകരിക്കണമെന്ന് അപേക്ഷിക്കുകയും ചെയ്തുകൊള്ളുന്നു.

MR. S. NILAKANTA IYER (*Trivandrum I—General*): സർ, ഞാൻ ഈ ഭേദഗതിയെ എത്ര ശക്തിയായി പിൻതാങ്ങാമോ അത്രയും ശക്തിയോടുകൂടി പിൻതാങ്ങുന്നു. സ്മാൾകാസ് കോടതികൾക്ക് അഞ്ഞൂറു രൂപാവരെയുള്ള കേസുകൾ സമ്മറിയായി വിചാരണചെയ്തു തീരുമാനിക്കാൻ അധികാരമുണ്ടായിരിക്കുമെന്നാണ് ഈ ബില്ലിൽ പറയുന്നതു്. അതിന്മേൽ അപ്പീൽ അനുവദിച്ചിട്ടുമില്ല. വെരും റിവിഷൻ മാത്രമേ അനുവദിച്ചിട്ടുള്ളൂ. സാധാരണയായി ഒരു സ്മാൾ കാസ് കേസ് ഹൈക്കോടതിയിൽ റിവിഷനുപോയാൽ "ഇതൊരു സ്മാൾകാസ് കേസുതന്നെയല്ലൊ; സാരമില്ല" എന്ന ഒരു അഭിപ്രായത്തോടുകൂടിയാണ് ഹൈ

LIBRARY ARCHIVES Kerala Legislative Assembly

[Mr. S. Nilakanta Iyer.]

കോടതിയിൽ അതിനൊരു തീരുമാനമുണ്ടാകുന്നതു്. സ്മാൾകോസ് കേസുകളിൽ സാരമായിട്ടൊന്നുമില്ലെന്നാണു് ഹൈക്കോടതി ജഡ്ജിമാരും മറും ധരിച്ചുവച്ചിരിക്കുന്നതു്. അങ്ങനെയിരിക്കെ അഞ്ഞൂറു രൂപാ വരെ സ്മാൾകോസ് ജൂറിസ്ഡിക്ഷനിൽപ്പെടുത്തി സമ്മറിയായി വിചാരണചെയ്യുന്നതിനനുവദിക്കുകയും ആ തീരുമാനത്തിന്മേൽ അപ്പീൽ കൊടുക്കാൻ അനുവദിക്കാതിരിക്കുകയും ചെയ്യുന്ന ഏർപ്പാടു് എടുത്തുകൊണ്ടും കൊള്ളരുതാത്തതാണെന്നാണു് എന്റെ ബഹുമായ അഭിപ്രായം. ഈ അഞ്ഞൂറുരൂപായെന്നുള്ളതു് ഇരുന്നൂറു രൂപയായി കുറയ്ക്കുകതന്നെ വേണം. അതുകൊണ്ടാർക്കും ഒരു ദോഷവും വരാനില്ല. ഇപ്പോൾ നൂറു രൂപയാണു് സ്മാൾകോസ് ജൂറിസ്ഡിക്ഷനെന്നിട്ടുപോലും സാധുക്കളായ കക്ഷികൾക്കു് പല വിഷമങ്ങളും ഉണ്ടാകുന്നുണ്ടു്. ചട്ടങ്ങൾക്കു് വിരുദ്ധമായിട്ടുപോലും ചിലപ്പോൾ വിധി ഉണ്ടാകുന്നുണ്ടു് അങ്ങനെയിരിക്കെ ഈ നൂറുരൂപക്കു് പകരം അഞ്ഞൂറെന്നാക്കിയാലത്തെ കഥ പറയാനില്ല.

MR. PAUL THALIATH : നൂറുരൂപാതന്നെ മതിയെന്നു വച്ചാൽ വല്ല കുഴപ്പവുമുണ്ടോ?

MR. S. NILAKANTA IYER : അതാണു് ഏറ്റവും നല്ലതു്. അതല്ല മാറണമെന്നുണ്ടെങ്കിൽതന്നെയും ഇരുന്നൂറായിക്കൊള്ളട്ടെ. അഞ്ഞൂറാക്കുന്നതു് ഒരുകൊണ്ടും നല്ലതല്ല. പാവപ്പെട്ട പൊതുജനങ്ങളെ ഉപദ്രവിക്കാൻ ഈ മുൻസിഫന്മാർക്കോ അല്ലെങ്കിൽ സ്മാൾകോസ് ജഡ്ജിമാർക്കോ സൗകര്യമുണ്ടാക്കിക്കൊടുക്കുകമാത്രമാണു് ഈ വ്യവസ്ഥകൊണ്ടുള്ള പ്രയോജനം. പിന്നൊന്നു പറയാനുള്ളതു് അപ്പീൽ അനുവദിക്കുന്നതിനെ സംബന്ധിച്ചാണു്. ഈ സ്മാൾകോസ് കേസുകൾക്കു് എടുത്തുകൊണ്ടു് അപ്പീൽ അനുവദിച്ചുകൂടെന്നു എനിക്കു മനസ്സിലാകുന്നില്ല.

MR. K. A. GANGADHARA MENON : എല്ലാ മുൻസിഫന്മാർക്കും ഈ സ്മാൾകോസ് അധികാരം കൊടുക്കുന്നില്ലെന്നറിയാമോ?

MR. S. NILAKANTA IYER : സ്മാൾകോസ് ജഡ്ജിമാർക്കായാലും ആ അധികാരം കൊടുക്കാൻ പാടില്ലെന്നാണു് ഞാൻ പറയുന്നതു്. സ്മാൾകോസ് കേസുകൾക്കു് സ്മാൾകോസ് പ്രൊസീഡിയർ അനുസരിച്ചുള്ളതായിരിക്കും. അതിന്മേൽ റിവിഷൻ മാത്രമേയുള്ളൂ. അതുകൊണ്ടു് സ്മാൾകോസ ജഡ്ജിമാർക്കു് അഞ്ഞൂറുരൂപാവരെയുള്ള ജൂറിസ്ഡിക്ഷൻ കൊടുത്താൽ അതു വലിയ അപകടത്തായിരിക്കും. അതല്ല അങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കുകയാണെങ്കിൽ തന്നെയും അപ്പീൽ ബോധിപ്പിക്കുവാനുള്ള അവകാശം ഉണ്ടായിരിക്കണം, അതുകൊണ്ട് ഈ അഞ്ഞൂറു രൂപാ എന്നുള്ളതു ഇരുന്നൂറെന്നാക്കാതെ ഈ ബില്ലു പാസ്സാക്കിയാൽ അതൊരിക്കലുംജനക്ഷേമകരമായ ഒരു നിയമമായിരിക്കുകയില്ലെന്നു മാത്രമല്ല പല വിധത്തിൽ അതു ജനങ്ങൾക്ക് ഹാനികരവുമായിരിക്കും. ഈ കാരണങ്ങളാൽ എന്റെ സ്നേഹിതൻ മിസ്റ്റർ നാണുവിന്റെ ഭേദഗതിയെ ഞാൻ വളരെ ശക്തിയായി പിൻതാങ്ങിക്കൊള്ളുന്നു. കോടതികളിൽ വ്യവഹരിച്ചും മറ്റു വിധത്തിലും കോടതികളുമായി പരിചയിച്ച് അവയുടെ നില മനസ്സിലാക്കിയിട്ടുള്ള ഈ സഭയിലെ എന്റെ ബഹുമാന്യസ്നേഹിതന്മാർ ഈ ഭേദഗതിയെ അനുകൂലിക്കുകയും അതുകൊണ്ടുണ്ടാകാവുന്ന ഗുണദോഷങ്ങളെ ശരിയായി ചിന്തിച്ച് അതു പാസ്സാക്കുകയും ചെയ്യുമെന്ന് ഞാൻ വിശ്വസിക്കുന്നു.

MR. JOSEPH MALIAKEL (*Thodupuzhai I—General*) : സർ, ഈ ബില്ലിന്റെ പരിധിയേയും ഉദ്ദേശത്തെയും സംബന്ധിച്ച് ചില ശരിയല്ലാത്ത ധാരണകൾ ഈ സഭയിലെ അംഗങ്ങളുടേയിടയിൽ കടന്നുകൂടിയിട്ടുണ്ടെന്നാണു് ആദ്യമായി എനിക്കു പറയാനുള്ളതു്. ഇപ്പോൾ സ്മാൾകാസ് ജൂറിസ്ഡിക്ഷൻ മുൻസിഫന്മാക്കു് മാത്രമേയുള്ളൂ. ഒരു സ്മാൾകാസ് കേസ് നടപടി നടത്തുന്നതിനുള്ള വിഷമങ്ങൾ കൊണ്ടാണു് ഇതിനെക്കുറിച്ചു് ഇത്ര ഭയമുണ്ടായിട്ടുള്ളതെന്നു് കാർമ്മികമ്പോൾ ഈ പരാതികൾക്കു് കുറെ ന്യായമുണ്ടു്. എന്നാൽ അതു് സ്മാൾകാസ് കോടതികളെപ്പറ്റി മാത്രമല്ലാ മറ്റെല്ലാകോടതികളെ സംബന്ധിച്ചും പൊതുവേ ഈ പരാതിയുണ്ടു്. അതിനു് പൊതുവിൽ ഒരു പരിഹാരമുണ്ടാക്കേണ്ടതാണു്. അല്ലാതെ ഈ സ്മാൾകാസ് കേസുകളെ സംബന്ധിച്ചു മാത്രം പ്രത്യേകം പരാതികൾക്കൊന്നും വകയില്ല. ഈ ബില്ലുകൊണ്ടുദ്ദേശിക്കുന്നതു് മുൻസിഫന്മാരിൽ നിന്നും സ്മാൾകാസ് അധികാരമെടുത്തുകളഞ്ഞിട്ടു് അതിലേക്കു് പ്രത്യേകം സ്മാൾകാസ് ജഡ്ജിമാരെ നിയമിക്കണമെന്നാണെന്നു് എന്റെ എല്ലാ ബഹുമാന്യസ്നേഹിതന്മാരും മനസ്സിലാക്കിയിട്ടുണ്ടെന്നു് ഞാൻ വിശ്വസിക്കുന്നു. അങ്ങനെ സ്മാൾകാസ് അധികാരം മുൻസിഫന്മാരിൽനിന്നും എടുത്തുകളഞ്ഞിട്ടു് വേറെ പുതുതായി ഒരു സ്മാൾകാസ് ജഡ്ജിയെ നിയമിക്കുകയോ അല്ലെങ്കിൽ ഡിസ്ട്രിക്റ്റ് ജഡ്ജിമാർക്കെങ്കിലും അധികാരം കൊടുക്കുകയോ ചെയ്യും. പുതുതായ ഒരു ജഡ്ജിയെ നിയമിക്കുകയാണെങ്കിൽ ആ ജഡ്ജിയ്ക്കു് എത്രമാത്രം

LIBRARY ARCHIVES Kerala Legislative Assembly

[Mr. Joseph Maliakel.]

അധികാരമുണ്ടായിരിക്കണമെന്നാണ് ഈ ബില്ലുകൊണ്ട് വ്യവസ്ഥ പ്പെടുത്തുന്നത്. അതായത് മുൻപു് നൂറു രൂപാ എന്ന വച്ചിരുന്നതിനു പകരം അഞ്ഞൂറു രൂപാവരെയുള്ള കേസുകൾ സ്മാൾകാസായി വ്യവഹരിക്കാമെന്നാണ് വ്യവസ്ഥചെയ്തിരിക്കുന്നത്. ഇതിലേക്കായി ഒരു പ്രത്യേകം സ്മാൾകാസ് ജഡ്ജിയെ നിയമിച്ചതിനു ശേഷം നൂറു രൂപാ ക്കുപകരം ഇരുനൂറു രൂപാവരെയുള്ള അധികാരമേ ആ ജഡ്ജി പ്രയോഗിക്കാവൂ. എന്നാണ് ഈ ഭേദഗതികൊണ്ടു വരുന്നത്. മൂന്നാമത്തെ വകുപ്പിൽ നാം യാതൊരു ഭേദഗതികളും വരുത്താതെ പാസ്സാക്കിക്കഴിഞ്ഞു. അതിൽ ഹൈക്കോടതിയെക്കൂടാതെ ഡിസ്ട്രിക്റ്റ് കോടതികൾ സ്മാൾകാസ് കോടതികൾ മുൻസിഫ് കോടതികൾ ഇങ്ങനെ മൂന്നു തരം കോടതികൾ ഉണ്ടായിരിക്കുമെന്നു പറയുന്നു. ഇങ്ങനെ നാലാം വകുപ്പിൽ മൂന്നുതരം കോടതികളെ സൃഷ്ടിച്ചതിനുശേഷം നാലാം വകുപ്പിൽ ഈ ഭേദഗതി വരുത്തുന്നതു മൂലം ഇരുനൂറു രൂപാവരെയുള്ള കേസുകൾ വിസ്തരിക്കുന്നതിന് മാത്രമേ ഒരു സ്മാൾകാസ് ജഡ്ജിക്ക് അധികാരമുണ്ടായിരിക്കുകയുള്ളുവെന്നു വരുന്നു. മദ്രാസിലെ സ്മാൾകാസ് ജഡ്ജിമാരുടെ അധികാരപരിധിയിൽ അയ്യായിരം രൂപാവരെയുള്ള കേസുകൾ ഉൾപ്പെടുന്നുണ്ട്. ഈ സ്മാൾകാസ് ജഡ്ജിമാർക്കു പ്രമോഷൻ കൊടുക്കുന്നതു സാധാരണയായി നേരെ ഹൈക്കോടതിയിലേക്കാണ്. അഞ്ഞൂറു രൂപാവരെയുള്ള പണസംബന്ധമായ വ്യവഹാരങ്ങൾ സമ്മറിയായി വിസ്തരിച്ചു തീർപ്പു കൽപ്പിക്കാൻ തക്ക പ്രാപ്തിയും അതിനുതക്ക സ്വഭാവനൈർമ്മല്യവും സ്ഥിരതയുമുള്ളയാളുകളെ വേണം സ്മാൾകാസ് ജഡ്ജിമാരായി നിയമിക്കാനെന്ന ഉദ്ദേശവും ക്രടി ഗവണ്മെന്റിനു കാണും. അങ്ങനെയുള്ളവരെ തിരഞ്ഞെടുത്തു നിയമിക്കണമെന്നു നിർദ്ദേശിക്കാനുള്ള അധികാരം നമുക്കുണ്ട്. അതുകൊണ്ട് സ്വഭാവദാർഢ്യമൊന്നുമില്ലാത്ത ഒരുയർന്ന ഉദ്യോഗസ്ഥനെ നിയമിച്ചു് ആ ഉദ്യോഗസ്ഥൻമുഖാന്തിരം അഞ്ഞൂറുരൂപാവരെയുള്ള സ്മാൾകാസ് കേസുകൾ വിചാരണ നടത്തുന്നതിനു് ഈ ബില്ലിലെ വ്യവസ്ഥകൾ പര്യാപ്തമാണ്. അതുകൊണ്ടു് ഈ സ്മാൾകാസ് ജഡ്ജിമാരുടെ അധികാരം ഇരുനൂറു രൂപാവരെ മതി എന്നു പറയുന്നതു് അത്ര യുക്തിപൂർവമല്ല. മുൻസിഫന്മാർക്കു് സ്മാൾകാസ് അധികാരം ഇല്ലെന്നു മനസ്സിലാക്കിയാൽ എന്റെ മാന്യസ്നേഹിതന്മാരുടെ ഭയത്തിനു് യാതൊരടിസ്ഥാനവുമില്ലാത്തതാണ്. കേസുകൾ ശരിയായി തീരുമാനിക്കുന്നില്ലെന്നു പറയുകയാണെങ്കിൽ അതു് നമ്മുടെ മുൻസിഫ് കോടതി

LIBRARY ARCHIVES Kerala Legislative Assembly

കളും സെഷൻകോടതികളും കൊള്ളരുതാത്തവരായതുകൊണ്ടായിരിക്കണം. മുൻസിഫന്മാരും ജഡ്ജിമാരും കാര്യപ്രാപ്തിയും സ്വഭാവനൈർമ്മല്യവുമുള്ളവരാണെങ്കിൽ അങ്ങനെയൊന്നും നടക്കുകയില്ല. സിവിൽകേസുകളിൽ തന്നെ എത്രയോ ജഡ്ജ്മെൻറുകളും മേൽകോടതികളിൽ അസ്ഥിരപ്പെട്ടുപോകുന്നു. അതിന്റെ കാരണം കീഴ്ക്കോടതിയുടെ കൊള്ളരുതായ്മയാണ്. അതു മനസ്സിലാക്കിയാൽ ഈ ബില്ലിനെ സംബന്ധിച്ച് അക്ഷം ഒരു പരാതിയും ഉണ്ടാകാനിടയില്ല. എന്നു തന്നെയുമല്ല ഈ സ്മാൾകാസ് അധികാരം മുൻസിഫന്മാരിൽ നിന്നെടുത്ത് പ്രത്യേകം ഒരു കോടതിയെ സൃഷ്ടിച്ച് ആ കോടതിക്ക് അഞ്ഞൂറുരൂപാവരെയുള്ള കേസുകളും വിചാരണചെയ്യുന്നതിന് അധികാരം കൊടുത്താൽ മുൻസിഫ്കോടതികളെ ഇന്നത്തെ നിലയിൽ നിന്നും ഉയർത്താനും അതു പര്യാപ്തമാകും. ഇങ്ങനെ ഏതുകൊണ്ടു നോക്കിയാലും ഇരുന്നൂറുരൂപാവരെ മതിയെന്നു പറയുന്നതു ഒരിക്കലും സ്വീകാര്യമല്ല. അതിനാൽ ഞാനീ ഭേദഗതിയെ എതിർക്കുന്നു.

MR. P. KUNJUKRISHNAN : മുൻസിഫന്മാരിൽ നിന്ന് ഈ സ്മാൾകാസ് അധികാരം എടുത്തുമാറ്റണമെന്നു പറയുന്നതെന്തുകൊണ്ടാണ്?

MR. JOSEPH MALIAKEL : സ്മാൾകാസ് അധികാരം അഞ്ഞൂറുരൂപായെന്നാക്കുന്നതുകൊണ്ടും അഞ്ഞൂറുരൂപാവരെയുള്ള കേസുകളും വിചാരണചെയ്യുന്നതിൽ മുൻസിഫന്മാരെക്കൊണ്ട് കൊള്ളുകയില്ലെന്നുള്ളതുമാണ്.

MR. P. KUNJUKRISHNAN : പുതുതായി നിയമിക്കപ്പെടുന്ന സ്മാൾകാസ് ജഡ്ജിമാർ കൊള്ളാവുന്നവരായിരിക്കുമെന്ന് നിശ്ചയമുണ്ടോ?

MR. JOSEPH MALIAKEL : കൊള്ളാവുന്നവരെത്തന്നെ തിരഞ്ഞെടുത്തു സ്മാൾകാസ് ജഡ്ജിമാരായി നിയമിക്കുമെന്നാണ് ഞാൻ മനസ്സിലാക്കുന്നതു്.

MR. A. P. UDAYABHANU (*Karunagapally II—General*) : ഞാൻ ഈ ഭേദഗതിയെ എതിർക്കുകയാണ് ചെയ്യുന്നതു്.

MR. S. KUTTAN : ബഹുമാനപ്പെട്ട മെംബർ ഒരു വ്യാപാരകേന്ദ്രത്തിൽനിന്നും വന്നിട്ടുള്ള ആളാണോ ?

MR. A. P. UDAYABHANU : തൊപ്പി തലയിൽ ഇരിക്കുന്നതുകൊണ്ട് വ്യാപാരിയാണെന്നു ധരിക്കണ്ട.

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. P. Udayabhanu.]

ഈ ക്ലാസ്സ് വളരെ പ്രധാനമായ ഒന്നാണ്. ഇതിനെ എതിക്കുകയാണെങ്കിൽ ഈ ബില്ലിനെ മുഴുവൻ എതിക്കേണ്ടതാണ്. അല്ലാതെ ഭാഗികമായി എതിർക്കുന്നതു ശരിയല്ല. ഈ ബില്ലുകൊണ്ടുദ്ദേശിക്കുന്നതു് ഡിസ്ട്രിക്ട് ജഡ്ജിമാക്കും മുൻസിഫന്മാക്കും മദ്ധ്യത്തിൽ മുൻസിഫന്മാരെക്കാൾ കൂടുതൽ അധികാരമുള്ളതും ഏതാണ്ടു ഡിസ്ട്രിക്ട് ജഡ്ജിമാരുടെ സ്റ്റാറ്റസ് ഉള്ളതുമായ ഒരു പുതിയ ന്യായാസനം സൃഷ്ടിക്കണമെന്നാണ്. അങ്ങനെ മുൻസിഫന്മാരെക്കാൾ കൂടുതൽ അധികാരവും നിലയുമുള്ള ഒരു ന്യായാസനം സ്ഥാപിച്ചു കഴിഞ്ഞതിനശേഷം ആ ന്യായാസനത്തിനാണ് ൫ ൦ ൦ രൂപാവരെയുള്ള സ്മാൾകാസ് കേസുകൾ വിചാരണചെയ്യുന്നതിനും വിധിക്കുന്നതിനുമുള്ള അധികാരം കൊടുക്കണമെന്നു വിചാരിക്കുന്നതു്, ഇന്നു മുൻസിഫ് കോടതികൾതന്നെയാണു് സ്മാൾകാസ് കോടതികൾക്കുടെയായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതു്. ഈ മുൻസിഫന്മാക്കാണു് ൧ ൦ ൦ രൂപാവരെയുള്ള സ്മാൾകാസ് ജൂറിസ്ഡിക്ഷൻ കൊടുത്തിട്ടുള്ളതു്. എന്നാൽ മുൻസിഫന്മാരെക്കാൾ കൂടുതൽ സ്റ്റാറ്റസ് ഉള്ള ഒരു ന്യായാസനത്തെ സൃഷ്ടിച്ചതിനശേഷം അവക്കു് ഇരുനൂറുരൂപാവരെയുള്ള കേസുകൾ വിചാരണചെയ്യുന്നതിന് മാത്രമേ അധികാരമുണ്ടായിരിക്കുകയുള്ളുവെന്നു നിശ്ചയിക്കുന്നതു് വളരെ വ്യയകരമായ ഒരു വിനോദം മാത്രമായിരിക്കും. അതുകൊണ്ടു് ഇരുനൂറു് രൂപായിൽ കൂടിയ അധികാരം സ്മാൾകാസ് ജഡ്ജിമാർക്കു് വിട്ടുകൊടുക്കാൻ പാടില്ലെന്നു വയ്ക്കുകയാണെങ്കിൽ ഈ ഡിസ്ട്രിക്ട് ജഡ്ജിമാർക്കും മുൻസിഫന്മാക്കും മദ്ധ്യത്തിൽ ഒരു സ്മാൾകാസു കോടതി സ്ഥാപിക്കുന്നതിനുള്ള ഈ ബില്ലിനെ മുഴുവൻ ഒന്നായി നിരാകരിക്കേണ്ടിയിരിക്കുന്നു. അല്ലാതെ മൂന്നാംവകുപ്പിൽ പറയുന്നപ്രകാരം സ്മാൾകാസ് കോടതികളെ സൃഷ്ടിച്ചു കഴിഞ്ഞതിനശേഷം അവർക്കു് കേവലം ൨ ൦ ൦ രൂപാവരെയുള്ള അധികാരംമാത്രം കൊടുത്താൽ മതിയെന്നു പറയുന്നതു് അർത്ഥശൂന്യമാണു്. അതുകൊണ്ടു് ഈ ക്ലാസ്സിനു് മാത്രം ഒരു ഭേദഗതി അവതരിപ്പിക്കുന്നതു തെറ്റായിരിക്കുമെന്നും എതിക്കുകയാണെങ്കിൽ ഈ ബില്ലിനെ മുഴുവോടെ നിരാകരിക്കുകയാണു വേണ്ടതെന്നുമാണു് എനിക്കു് പ്രധാനമായി പറയാനുള്ളതു്.

The House adjourned for lunch at 1 P. M. and reassembled at 2 P. M. with the President (the Hon'ble Mr. R. V. Thomas) in the Chair.

MR. A. P. UDAYABHANU: സ്മാൾകാസ് കൊടതിക്കുള്ള അധികാരം ൫ ൦ ൦ രൂപായിൽനിന്നും ൨ ൦ ൦ രൂപായായി കുറയ്ക്കുന്നതിനുള്ള പ്രധാന

LIBRARY ARCHIVES Kerala Legislative Assembly

കാരണം — ജഡ ജിമാരുടേയും മുൻസിപ്പന്മാരുടെയും സ്വഭാവ ത്രുടി യില്ലായ്മ, പിടിപ്പുകേട് ഇതു രണ്ടുമാണെന്നാണ് പറഞ്ഞിരിക്കുന്നതു. ഇതു രണ്ടുമില്ലെങ്കിൽ; ഇങ്ങനെയുള്ള നടപടികൊണ്ടു ആ കുറവു് പരിഹരിക്കാൻ സാധിക്കുകയില്ല. അതിന് മറ്റു മാർഗ്ഗങ്ങൾ അന്വേഷിക്കുകതന്നെ വേണം. അതുകൊണ്ടു് ഈ രണ്ടു അഭിപ്രായങ്ങളും, ബില്ലിന്റെ ഭേദഗതിയിൽ പറഞ്ഞിരിക്കുന്നതു, ബില്ലിന്റെ പ്രയോഗത്തിൽ വലിയ മാറ്റം വരുത്തുന്നതിനു പര്യാപ്തമല്ല. അതുകൊണ്ടു എന്റെ സ്നേഹിതൻ ഉന്നയിച്ചിരിക്കുന്ന ന്യായം അംഗീകരിക്കുകയാണെങ്കിൽ ഈ ബില്ലിനെ അതേ രൂപത്തിൽ നിരാകരിക്കേണ്ടതാണു്. എന്റെ ഓർമ്മ ശരിയാണെങ്കിൽ കഴിഞ്ഞ നിയമസഭയിൽ ഈ ബിൽ അവതരിപ്പിക്കുകയും അതു് ശരിയായ ഏതിർപ്പുകൊണ്ടു പിൻവലിക്കപ്പെടുകയും ചെയ്തു. ഈ പ്രാവശ്യം ബില്ലിനെ അതേ രൂപത്തിൽ ഏതിർത്തിട്ടില്ല. ഈ രണ്ടു ഭേദഗതികൾകൊണ്ടു സർക്കാരിനു കൂടുതൽ വ്യയകരമായിരിക്കുന്ന കോടതികൾ സ്ഥാപിക്കുന്നതിനു ഇടയാകുമെന്നല്ലാതെ ഗുണകരമായ യാതൊരു സംഗതിയും നടപ്പിൽവരാൻ സാധ്യമല്ലാതാണിരിക്കുന്നതു്. അതിനാൽ ഒന്നുകിൽ ബില്ലിനെ പരിപൂർണ്ണമായി ത്യജിക്കുക. അല്ലെങ്കിൽ ഭേദഗതികൾ തള്ളുക. ഇതുമാത്രമേ എനിക്കു പറയുവാനുള്ളു.

MR. P. S. MUHAMMED : സർ, എന്റെ മാന്യസ്നേഹിതന്റെ ഭേദഗതിയെ ഏതിർക്കേണ്ടിവന്നതിൽ എനിക്ക് മനസ്താപം ഉണ്ടു്. ഈ ബില്ലിന്റെ ഉദ്ദേശം ഇന്നു മുൻസിഫ്കോടതികളുടെ പരിധിയിൽ ഉള്ള അതായതു, വളരെ ഫയലുകളുടെ ഇടയിൽക്കൂടി ജോലി ചെയ്യുന്ന മുൻസിഫന്മാർക്കു്, സ്മാൾകാസ് കേസ്സുകൾ വേണ്ട വിധത്തിൽ കേൾക്കുന്നതിനു ശ്രദ്ധപതിപ്പിക്കാൻ സാധ്യമല്ലെന്ന കാരണത്താൽ വലിയ സിവിൽ കേസ്സുകൾപോലെ തന്നെ അവയേയും നീട്ടിക്കൊണ്ടു പോകുന്നതു, പരിതഃസ്ഥിതിക്കു ഒരു പ്രതിവിധി എന്നനിലയിൽ സ്മാൾ കേസ്സുകൾ അവരുടെ കോടതികളിൽ നിന്നെടുത്തുകളയുകയും പ്രത്യേക കോടതികൾക്കു കൊടുക്കുകയും ചെയ്യണമെന്നുള്ളതാണു്.

MR. S. NEELAKANTA IYER : ഇതു് ബില്ലിന്റെ ഉദ്ദേശകാര്യവിവരണത്തിൽ പറഞ്ഞിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

MR. P. S. MUHAMMED : ഉദ്ദേശകാര്യവിവരണങ്ങളും മനസ്സിലാക്കിക്കൊണ്ടുതന്നെയാണ് അന്ന് ഈ ബിൽ സെലക്ട് കമ്മിറ്റിക്കയച്ചത്. അന്ന അങ്ങനെ അയച്ചതുതന്നെ ഭേദഗതി വേണമെന്ന വിചാരിച്ചാണ്. അതു്, വെറും ഇരുന്നൂറുരൂപയുടെ കേസ്സുകളും വിസ്തരിക്കുന്നതിനുവേണ്ടി പ്രത്യേകം കോടതികളും ഉണ്ടാക്കുന്നതിനുവേണ്ടിയല്ലായിരുന്നു. സ്മാൾകോസ് കോടതികളുടെ ജൂറിസ്ഡിക്ഷൻ ഉയത്തികൊണ്ടുവരുന്നതിനും മറ്റുവിധത്തിൽ കാലതാമസപ്പെടാവുന്ന കേസുകളും കഴിയുന്നതും വേഗത്തിൽ തീർച്ച ചെയ്യുന്നതിനും വേണ്ടിയാണ് ഈ ബിൽ കൊണ്ടു ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു്. അങ്ങിനെ നാം വേർതിരിക്കാൻ പോകുന്ന കോടതികളും അധികാരപരിധിയിൽ വളരെ കുറഞ്ഞിരിക്കണമെന്നു വിചാരിക്കുന്നതു് ശരിയല്ല. ഇതിനെല്ലാം പുറമേ, ഈ ബില്ലിന്റെ ഉദ്ദേശംതന്നെ ഇതിൽ ഒ ാ ാരൂപായെന്നു പറയുന്നുവെങ്കിലും അഞ്ഞൂറുരൂപാവരെ വ്യവഹാരസംഖ്യയുള്ള എല്ലാ വസ്തുക്കളുടെയും പൂർയിടങ്ങളും, പ്രാമിസറിനോട്ടിൻപടിയുള്ള വ്യവഹാരങ്ങളും അതെത്ര രൂപയായിരുന്നാലുംശരി കോടതികളുടെ അധികാരപരിധിയിൽവന്നു പോകുമെന്നാണ്. പ്രാമിസറി നോട്ട് മുടങ്ങിയ നിസ്സാര കേസുകളും മാത്രമെ ഇവയിൽ ചേരികയുള്ളുതാനും. മറുകോടതികളും ഈ കേസ്സുകളും അധികശ്രമമില്ലാതെ നീട്ടിക്കൊണ്ടു പോകുമ്പോൾ ഇങ്ങിനെയുള്ള സ്മാൾകോസ് കേസ്സുകളും മാത്രമെടുത്തു ഈ കോടതികൾക്കു കൊടുക്കുക എന്നേ ഉള്ളൂ.

MR. P. NANOO : ഈ കോടതികൾക്ക് അപ്പീൽ അവകാശം ഉണ്ടോ ?

MR. P. S. MUHAMMED : അപ്പീൽ അവകാശം നൽകുന്നതിനും എനിക്കു വിരോധമില്ല.

MR. S. NEELAKANTA IYER : ബില്ലിൽ അതില്ലല്ലോ ?

MR. P. S. MUHAMMED : ഇല്ലെങ്കിൽ ഉണ്ടാക്കണം.

MR. S. KUTTAN : വുഡ്ബ്രൂ കമ്മീഷൻ അനുസരിച്ചു ഈ അക്ടു തന്നെ ഭേദപ്പെടുത്താൻ സാധ്യമല്ലെന്നറിയാമോ ?

MR. P. S. MUHAMMED : എല്ലാ കാര്യങ്ങളിലും ഭേദഗതി ചെയ്യേണ്ട ആവശ്യമുണ്ടെന്നു തോന്നുന്ന സന്ദർഭങ്ങളിൽ ഈ സഭയുടെ പ്രവർത്തനത്തിന്റെ ഫലമായി അങ്ങനെയുള്ള ഭേദഗതികൾ ചെയ്യുന്നതിനു നമുക്കു നിഷ്പ്രയാസം സാധിക്കും.

LIBRARY ARCHIVES Kerala Legislative Assembly

MR. P. NANOO : അപ്പീൽ അവകാശം വയ്ക്കുന്നതുകൊണ്ടു സ്റ്റാം കാസല്ലാതായി തീരുമെന്നറിയാമോ ?

MR. P. S. MUHAMMED : നിയമവശം എനിക്കറിഞ്ഞുകൂടാ. അപ്പീൽ അധികാരം കൊടുക്കാമോ എന്നു ചോദിച്ചു, വിരോധമില്ല എന്നു പറഞ്ഞതേ ഉള്ളൂ. അതായതു ആ വാദംകൊണ്ടു എനിക്കു വിരോധമില്ലന്നേയുള്ളൂ.

MR. P. NANOO : അഞ്ഞൂറുരൂപാവരെയുള്ള കൈയ്യ് വായ്പ കേസിൽ ജഡ്ജിമാർ കൈയ്യ് ക്കൂലി വാങ്ങുന്നുവെങ്കിൽ പിന്നെ എങ്ങിനെ ഭേദപ്പെടുത്തണം.

MR. P. S. MUHAMMED : കൈയ്യ് ക്കൂലി ഉണ്ടാകുമെന്നു വച്ചുകൊണ്ടല്ല നിയമമുണ്ടാക്കേണ്ടതു്. അങ്ങിനെയാണെങ്കിൽ, ഈ രാജ്യത്തെ പബ്ലിക്ക സർവീസിലെ ഉദ്യോഗസ്ഥന്മാരെ എന്തെല്ലാം ചെയ്യാമോ അതൊക്കെ ചെയ്യണം. പക്ഷേ അതിനു സൗകര്യമുണ്ടാകത്തക്ക രീതിയിൽ നിയമം ഉണ്ടാക്കേരുതു്.

MR. THARIATHU KUNJITHOMMAN (*Muvattupuzha II—General*) ഇരുന്നൂറുരൂപയാണെങ്കിൽ കൈയ്യ് ക്കൂലി ഉണ്ടാകുകയില്ലേ?

MR. P. S. MUHAMMED : നാം ഏതായാലും ബിൽ അംഗീകരിച്ചു. ഈ നിയമം ഇവിടെ ഉണ്ടാക്കുന്നതു തന്നെ അപ്പീലിനു വേണ്ടിയാണെന്നും നാം ഓർമ്മിക്കേതാണു്. നിസ്സാര കാര്യങ്ങൾ ക്കുവേണ്ടി തക്കങ്ങളും പുറപ്പെടുവിക്കാതിരിക്കാനും, ഒടുവിൽ, കേസ്സുതീർച്ച ചെയ്യുമ്പോൾ കോടതി ചിലവും നോട്ടീസും പടി വാങ്ങിച്ചിട്ടുള്ള രൂപയും കൂടി കൂടുവിൽ കൊടുക്കേണ്ടിവരുത്തക്ക പരിതഃസ്ഥിതി സൃഷ്ടിക്കാതിരിക്കുന്നതിനും തക്ക വിധത്തിലാണു് കോടതികാം ഈ ബില്ലിൽ കൊണ്ടുവന്നിട്ടുള്ളതു. കോടതികാം ഉണ്ടായിട്ടും കാര്യങ്ങൾ നേരേ പോകുന്നില്ലെന്നു വന്നാൽ അതിന്റെ ഉത്തരവാദിത്വം നമുക്കും ഉള്ളതാണു്. ഇരുന്നൂറുരൂപയാണെങ്കിൽ അഴിമതി കുറയുമെന്നും അല്ലെങ്കിൽ കൂടുമെന്നും പറയുന്നതു ശരിയല്ല.

MR. CHERIYAN J. KAPPAN (*Meenachil III—General*) : സ്റ്റാംകാസ് കോടതികാം മുനിസിപ്പൽ ലിമിറ്റിൽ മാത്രമെയുള്ളൂ.

MR. P. S. MUHAMMED : തൽക്കാലം അതേയുള്ളൂ. എന്നാൽ ഗവണ്മെന്റിന്റെ ഉദ്ദേശം പ്രധാന വ്യാപാരസ്ഥലങ്ങളിലെല്ലാം സ്റ്റാം കാസ് കോടതികാം വേണമെന്നാണു്.

LIBRARY ARCHIVES Kerala Legislative Assembly

MR. CHERIYAN J. KAPPAN : അതിനു വ്യവസ്ഥയുണ്ടോ ?

MR. P. S MUHAMMED : ഉണ്ട്. അതിനു ഗവണ്മെൻറ് നിശ്ചയിക്കുന്ന ജൂറിസ്ഡിക്ഷനം ഉണ്ട്.

മുൻസിപ്പന്മാക്ക് ഇതിൽ അധികാരപരിധി ഉണ്ടായിരിക്കുന്നതല്ല. ഇതുയും കാര്യങ്ങൾ പറഞ്ഞുകൊണ്ട് ഞാൻ ഭേദഗതിയെ എതിക്കുന്നു.

MR. K. VARGHESE : സർ, ഞാൻ ഈ ഭേദഗതിയെ അനുകൂലിക്കുന്നു. എന്നാൽ ഈ ഭേദഗതിയെ അനുകൂലിക്കുന്നതോടുകൂടി ഇതു സംബന്ധിച്ച് ഒന്നരണ്ടുകാര്യങ്ങൾ എനിക്കു പറയുവാനുണ്ട്. ഒരു സിവിൽകോടതിയിൽ വാദിയായോ പ്രതിയായോ വരുന്ന ആളിന് ഒർജിനൽകോടതിയിൽ പ്രതികൂലമായ ഒരു വിധിയുണ്ടാകുന്നപക്ഷം അപ്പലൻറുകോടതിയിൽ അതിനു പരിഹാരം നേടാവുന്നതാണ്. അങ്ങനെ ഒന്നിലധികം കോടതികളിൽ പരിഹാരം നേടുവാനുള്ള അവകാശം സിവിൽകോടതിയെ സംബന്ധിച്ചിടത്തോളം വാദിക്കും പ്രതിക്കും ആദ്യകാലംമുതൽക്കുതന്നെയുണ്ട്. എന്നാൽ ഇവിടെ ഇപ്പോൾ ഗവർണ്മെൻറ് കൊണ്ടുവന്നിരിക്കുന്ന ബിൽമൂലം അപ്പീൽ കൊടുക്കുവാനുള്ള അവകാശം നഷ്ടപ്പെട്ടിരിക്കുകയാണ്. എന്തിനുവേണ്ടിയാണ് ആ അവകാശം എടുത്തു കളഞ്ഞതെന്നു എനിക്കു ശരിയായി മനസ്സിലാക്കുവാൻ കഴിഞ്ഞില്ല. ചില കേസ്സുകളെ സംബന്ധിച്ചിടത്തോളം അപ്പീൽകോടതികളിൽനിന്നും പരിഹാരം നേടുവാൻ അവകാശം ഉണ്ടായിരിക്കുമ്പോൾ മറുചില കേസുകൾക്ക് അതില്ലാതെ വരുന്നതു നീതിയായിരിക്കുകയില്ല. ഒരു കോടതിക്ക് ഏതെങ്കിലും തരത്തിൽ ഒരബദ്ധംവന്നുപോയാൽ മറു കോടതികളിൽനിന്നും അതിനു പരിഹാരം നേടുവാനുള്ള അവകാശം, ഒന്നിലധികം കോടതികളിൽനിന്നുതന്നെ, ഉണ്ടായിരിക്കേണ്ടതാണ്. തിരുവിതാംകൂറിൻറെ ഇന്നത്തെ പരിതഃസ്ഥിതിവച്ചു നോക്കുമ്പോൾ നൂറുരൂപായ്ക്കു താഴെയുള്ള തുകകളെ സ്മാൾകോസിൽ പെടുത്തിയിരിക്കുന്നതാണ് ശരി. ബില്ലിൽ വ്യവസ്ഥചെയ്തിരിക്കുന്നതു ൭൫൦ രൂപയോ അതിനു താഴെയുള്ളതോ ആയ തുകയെ സംബന്ധിച്ചാണ്. ഇത്ര വലിയ ഒരു തുക സ്മാൾകോസിൽ പെടുത്തിയതു ഇവിടുത്തെ സാധാരണക്കാരനു നീതി ലഭിക്കുന്ന ഒന്നായിരിക്കുമെന്നു തോന്നുന്നില്ല. ഇന്നു തിരുവിതാംകൂറിലെ സാധാരണക്കാരൻറെ സ്ഥിതിക്ക് ൭൫൦ രൂപാ എന്നുള്ളതു്, അവൻ കാര്യമായി വിചാരിക്കുന്ന ഒരു തുകയാണ്. ആ നിലയ്ക്കു ഈ തുക സ്മാൾകോസിൽ പെടുത്തുന്നതു് അവനെ സംബന്ധിച്ചിടത്തോളം സാരമായി ബാധിക്കുന്ന ഒന്നുതന്നെയാണു. അതിനാൽ

LIBRARY ARCHIVES Kerala Legislative Assembly

ന്നൂറുരൂപായ്ക്കുമേൽ സല വരുന്ന എല്ലാ കേസുകൾക്കും അപ്പീൽ കൊടുക്കുവാനുള്ള അവകാശംകൂടി ലഭിക്കത്തക്കവണ്ണം ബില്ലിൽവേണ്ട വ്യവസ്ഥ ചെയ്യേണ്ടതാണ്.

കൂടാതെ ഇന്നു് ജില്ലാക്കോടതികളിൽ അപ്പീൽകൊടുത്തിട്ടുള്ള കേസുകൾ നോക്കുന്നപക്ഷം ൫൦൦ രൂപായ്ക്കും അതിനോടടുത്തുനിൽക്കുന്ന തുകയ്ക്കുംഉള്ള കേസുകൾ ധാരാളമായി കൊടുത്തിട്ടുണ്ടെന്നുകാണാം. അതിനാൽ ഇത്തരം കേസുകൾ ശരിയായ വിചാരണചെയ്യും തെളിവെടുത്തും തന്നെ വിസ്തരിക്കേണ്ടതാണ്. പണസംബന്ധമായ കേസുകൾക്കു കാലതാമസം വരുത്തുവാൻവേണ്ടി കൊണ്ടുവരപ്പെടുന്ന തക്കം ഒന്നുകിൽ തുക പണം വാങ്ങിയിട്ടില്ല, അല്ലെങ്കിൽ കൊടുത്തുതീർത്തു എന്നുള്ളതായിരിക്കും. ഇതിൽ ഏതെങ്കിലും ഒരു വാദമുഖത്തിനു തീരുമാനം കണ്ടുപിടിക്കപ്പെട്ടാൽ പിന്നെ വലിയ കാലതാമസത്തിനു ഇത്തരം കേസുകൾക്കു വഴിയില്ല. വസ്തു സംബന്ധമായ കേസുകളുടെ നില അതല്ല. പണസംബന്ധമായ കേസുകൾക്കു വസ്തു സംബന്ധമായ കേസുകളെപ്പോലെ കാലതാമസം വരേണ്ട കാര്യമില്ല. അതിനാൽ ശരിയായി തെളിവെടുത്തു വിചാരണചെയ്യുകയും അപ്പീൽ കൊടുക്കുവാനുള്ള അവകാശം ലഭിക്കുകയും ചെയ്യുന്നതരത്തിൽ വേണ്ട വ്യവസ്ഥകൾകൂടി ബില്ലിൽവരുത്തണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു. ഇതുയും പ്രസ്താവിച്ചുകൊണ്ടു ഞാൻ ഈ ഭേദഗതിയെ അനുകൂലിക്കുന്നു.

MR. THARIATHU KUNJITHOMMAN : സർ, ഞാൻ ഈ ഭേദഗതിയെ ശക്തിയായി എതിർക്കുന്നു. സാധാരണ വ്യവഹാരത്തിൽ പെടുന്നവർ അവരുടെ ജീവിതകാലത്തിന്റെ സാരമായ ഭാഗം ഈ വ്യവഹാരവിഷയത്തിനുവേണ്ടിമാത്രം ചെലവാക്കേണ്ടിവരുന്നു. ൫-൦ ൧൦-൦ വർഷമായിട്ടും തീരുമാനിക്കാതെ അനേകം കേസുകൾ കിടക്കുന്നുണ്ടു്. സാമാന്യജനങ്ങൾക്കു അത്രവളരെ ഉപദ്രവകരമായ ഒന്നാണു ഇന്നത്തെ നിലയ്ക്കുള്ള വ്യവഹാരങ്ങൾ. നക്രം, തിമിംഗലാദി ദുഷ്ടജന്തുക്കൾകൊണ്ടു ഭയങ്കരമായിത്തീർന്നിട്ടുള്ള മഹാസമുദ്രത്തിൽ നീന്തി അങ്ങേക്കരയിൽ എത്തുന്നതുതന്നെ വിഷമമാണു്. ജയിക്കുന്നവനു കരിക്കട്ടയും തോൽക്കുന്നവനു ചാരവുമാണു ലഭിക്കുന്നതു്. ഇതാണു് ഇന്നത്തെ വ്യവഹാരത്തിന്റെ നില. കേസുകളുടെ അവധി ക്രമക്രമേ മാറ്റി കാലതാമസം ആവശ്യമില്ലാതെ വരുത്തുന്നുണ്ടു്. ഓരോ അവധിക്കും പ്രത്യേകം പ്രത്യേകം ഫീസു കിട്ടണമെന്നു വക്കീലന്മാരും ശഠിക്കുന്നുണ്ടു്. ഇങ്ങനെ അഞ്ഞൂറോ എഴുന്നൂറോ രൂപായ്ക്കുവേണ്ടി കേസു കൊടുക്കുന്നവൻ അവന്റെ സ്വ

LIBRARY ARCHIVES Kerala Legislative Assembly

ത്തെല്ലാം അവസാനിച്ചുകഴിഞ്ഞാലും അവന്റെ കേസു അവസാനിക്കുകയില്ല എന്ന നിലയിൽ അകപ്പെട്ടുകയാണു ചെയ്യുന്നതു്. അങ്ങനെയുള്ളവരെ ഈ അവസ്ഥയിൽനിന്നും രക്ഷിക്കാനാണു ഈ നിയമം കൊണ്ടുവന്നിട്ടുള്ളതു. കൈക്കൂലി ഉണ്ടാകുകയില്ലേ, അഴിമതി ഉണ്ടാകുകയില്ലേ. എന്നു ഇവിടെ ചിലർ ചോദിക്കുകയുണ്ടായി. കൈക്കൂലിയും അഴിമതിയും ഏതു നിയമം പാസാക്കിയാലും ഉണ്ടാവും. ലോകത്തു എപ്പോഴും കള്ളമുണ്ടു്. ഇപ്പോൾ ബില്ലിൽ ൪ ൦ ൦ രൂപയുടെ കേസുകൾ മാത്രമെ ഉൾക്കൊള്ളിച്ചിട്ടുള്ളു. അതുതന്നെ മതിയായില്ല എന്നാണു എന്റെ അഭിപ്രായം. മദ്രാസിൽ സ്വാതന്ത്ര്യകാലത്തു ൫ ൦ ൦ രൂപാവരെ വച്ചിരിക്കുന്നു എന്നാണു ഞാൻ അറിയുന്നതു്. ഇവിടെ ൧ ൦ ൦ ൦ രൂപാ എങ്കിലും വയ്ക്കേണ്ടതായിരുന്നു. ഞാൻ ഇവിടത്തെ വാദപ്രതിവാദത്തിൽനിന്നും മനസ്സിലാക്കുന്നതു് ൪ ൦ ൦ രൂപാ വരെയുള്ള തുകകൾക്കു മാത്രമെ ഈ ബിൽ ബാധകമാകയുള്ളു എന്നാണു്. ബില്ലിന്റെ മലയാളംപ്രതി എനിക്കു കിട്ടിയിട്ടില്ല. കിട്ടിയിരുന്നുവെങ്കിൽ എനിക്കതന്നെ ബില്ലിന്റെ സ്വഭാവമെന്താണെന്നു നേരത്തേതന്നെ ഗ്രഹിക്കുവാൻ സാധിക്കുമായിരുന്നു. എന്റെ സ്വന്തഅഭിപ്രായത്തിൽ, ൫ ൦ ൦ ൦ രൂപാ വരെയുള്ള തുക ഈ ബില്ലിൽ ഉൾപ്പെടുത്തേണ്ടതായിരുന്നു; ഇല്ലെങ്കിലും ൧ ൦ ൦ ൦ രൂപാ എങ്കിലും ഉൾപ്പെടുത്തേണ്ടതാണു്

MR. P. NANOO : ൫ ൦ ൦ ൦ രൂപാവരെ സഹിക്കുന്നതാരെങ്കിലുമുണ്ടോ, തിരുവിതാംകൂറിലെ സാമാന്യജനങ്ങൾ എന്നറിഞ്ഞാൽ കൊള്ളാം.

MR. THARIATHU KUNJITHOMMAN : നൂറുരൂപാ വരെ സഹിക്കുന്നതാരെങ്കിലുമുണ്ടോ എന്നാണു ചോദിച്ചതു്. അതു ദരിദ്രരാണു ഇവിടെയുള്ളവർ. അങ്ങനെ ദരിദ്രരായ ആളുകൾക്കു പത്തു് രൂപായും, അഞ്ചുരൂപാപോലും ഒരു വലിയ കാര്യമല്ലേ? എന്നുവച്ചു നിയമലാഘവം, നീതിനിർവ്വഹണത്തിലുള്ള കാര്യക്ഷമത ഇവയെ പരിഗണിക്കേണ്ടതു് അത്യാവശ്യമാണു്. ഇവിടെ വ്യവഹാരം കൊടുത്താൽ ഒരു പുരുഷായുസ്സുകൊണ്ടും ആ വ്യവഹാരം അവസാനിക്കുകയില്ല എന്നൊരു ധാരണയുണ്ടു്. ഞാൻ മൈസൂരിൽ സഞ്ചരിച്ചിട്ടുണ്ടു്. അവിടെ ക്രിയ പക്ഷം എട്ടോ പത്തോ കൊല്ലംകൊണ്ടു ഒരു കേസു അവസാനിക്കും. കൊച്ചിയിലും ഇവിടത്തെ അത്ര കാലതാമസം ഉണ്ടാകുന്നില്ല. അതുകൊണ്ടു കാലതാമസത്തെ ലഘൂകരി

LIBRARY ARCHIVES Kerala Legislative Assembly

ക്കുവാൻ ചെയ്യുന്ന നിയമനിർമ്മാണം കൈക്കൂലിയെയും അഴിമതിയെയും വർദ്ധിപ്പിക്കുമെന്നു പറഞ്ഞു് തള്ളിക്കളയുന്നതിനെ സാധൂകരിക്കുവാൻ നിവൃത്തിയില്ല.

MR. P. NANOO : കാലതാമസമൊഴിവാക്കുന്നതിനെ ഇല്ലായ്മ ചെയ്യുവാൻ എല്ലാം കേസുകളേയും സ്മാർകാസാക്കരുതോ?

MR. THARIATHU KUNJITHOMMAN : ഈ രാജ്യത്തെ വക്കീലന്മാർ എല്ലാവരും ഉത്തമന്മാരാണെങ്കിൽ അങ്ങനെ ചെയ്യുന്നതിൽ വിരോധമില്ല. അതുകൊണ്ടു നിശ്ചയമായും വ്യവഹാരലാഘവം ഉണ്ടാകും. ഇന്നത്തെ അവസ്ഥ പറഞ്ഞാൽ പത്തോ, അഞ്ഞൂറോ രൂപാ കിട്ടാനുള്ളവർ പത്തോ, നൂറോ രൂപാ വാങ്ങി വ്യവഹാരം ക്രടാതെ കഴിക്കാൻ വേണ്ടി തൃപ്തിപ്പെടുകയാണു ചെയ്യുന്നതു്. എന്തുകൊണ്ടു്? വ്യവഹാരം കൊടുത്താൽ ഇതിൽ ഏറെ ചെലവു വരുമെന്നുള്ളതു തീർച്ചയാണു്. അതുകൊണ്ടു ബില്ലിൽ ഇപ്പോൾ ൫ ൦ ൦ രൂപാ എന്നു വച്ചിരിക്കുന്നതു തന്നെ മതിയാകയില്ല. രണ്ടായിരം ആക്കേണ്ടതായിരുന്നു. ആയിരം എങ്കിലും ആക്കണം. അല്ലാത്തപക്ഷം ഇവിടത്തെ വ്യവഹാരവാസന വർദ്ധിച്ചു് ജനങ്ങൾ ക്രടുതൽ ക്രടുതൽ കഷ്ടപ്പെടേണ്ടിവരും. ഞാൻ ഇതുവരെ യാതൊരു ക്രിമിനലൊ സിവിലൊ ആയ കേസുകളിലും പെട്ടിട്ടില്ല. എങ്കിലും അയൽക്കാരായ വ്യക്തികൾ തമ്മിലും കുടുംബങ്ങൾ തമ്മിലും വ്യവഹാരത്തിൽ ഏർപ്പെടുന്നതായി ധാരാളം കണ്ടിട്ടുണ്ടു്. ഒടുവിൽ വഴക്കുകളും വാശിയും മൂത്തു് ഇരുകൂട്ടരും വിഷമിക്കുന്നതും ഏറെക്കുറെ നശിക്കുന്നതും കണ്ടിട്ടുണ്ടു്. ഇങ്ങനെയുള്ള വ്യവഹാരവാസന തന്നെ ഈ നിയമംകൊണ്ടു കുറയാൻ ഇടയുണ്ടു്. അതുകൊണ്ടു ഞാൻ ഈ ഭേദഗതിയെ ബലമായി എതിർക്കുന്നു.

MR. EAPPAN ARACKAL : സർ, ഇന്നു നിലവിലിരിക്കുന്ന ഏർപ്പാടു അനുസരിച്ചു നൂറുരൂപാവരെ മാത്രമെ സ്മാർകാസിനു വച്ചിട്ടുള്ളൂ. ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന ബില്ലിൽ ൫ ൦ ൦ രൂപാക്കുടി ക്രട്ടിയിരിക്കുകയാണു്. ൫ ൦ ൦ രൂപാ എന്നു പറയുന്നതു് തിരുവിതാംക്രിലെ ഒരു സാധാരണ മനുഷ്യനു് ലഘുവായ ഒരു സംഖ്യയാണെന്നു പറയാൻ നിവൃത്തിയില്ല. ൫ ൦ ൦ രൂപാ ഒരു നിസ്സാരതുകയാണെന്നു ഗണിക്കത്തക്ക ഒരു സാമ്പത്തികനില ഇന്നു തിരുവിതാംക്രിനുണ്ടോ എന്നു സംശയമായിരിക്കുന്നു. ഇങ്ങനെ ഇവിടത്തെ സാമാന്യജനങ്ങൾ നിസ്സാരമല്ലെന്നു കരുതുന്ന ഒരു തുകവരെ ഒരൊറ്റ കോടതിയുടെ തീരുമാനമനുസരിച്ചു്, ഒരേ ഒരു കോടതിയുടെ മാത്രം പരമാധികാരത്തെ ആശ്രയിച്ചു്, ആ കോ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ടതിയുടെ തീരുമാനം പരമതീരുമാനമായി സ്വീകരിച്ചുപോരണമെന്നു പറയുന്നതു് വാസ്തവത്തിൽ ശരിയാണെന്നു തോന്നുന്നില്ല. ഇങ്ങനെയുള്ള കേസുകൾക്കു ഹൈക്കോടതിയിൽ റിവിഷൻ കൊടുക്കരുതേ എന്നു ചോദിക്കുമായിരിക്കും. പക്ഷെ, നൂറോ ഇരുനൂറോ രൂപായ്ക്കുള്ള ഒരു തീരുമാനത്തിന്മേൽ വടക്കൻപറവൂരിലോ, തൊടുവായിലോ അതുപോലുള്ള മറ്റിടങ്ങളിലോ ഉള്ള ഒരാൾ തിരുവനന്തപുരംവരെ വന്നു് അപ്പീൽ കൊടുത്തു് ഒരു പരിഹാരമുണ്ടാക്കാമെന്നു വിചാരിക്കുന്നതു് അത്ര എളുപ്പമുള്ള കാര്യമാണെന്നു തോന്നുന്നില്ല. സിവിൽകോടതികളുടെ തുകകളെ, മറ്റു കോടതികളുടെയാകട്ടെ നടത്തിപ്പിൽ സ്വീകരിച്ചിരിക്കുന്ന പ്രധാനതത്വം ഒരു സംഗതിയെപ്പറ്റി വിശകലനം ചെയ്യുകയും തെളിവെടുക്കുകയും തെളിവിനെപ്പറ്റിയുള്ള ഗുണഗ്രഹണം ചെയ്യുകയും മറ്റും ചെയ്യുന്ന സന്ദർഭത്തിൽ ഏതു കോടതികൾക്കും പ്രമാടം വന്നേക്കാമെന്നുള്ളതാണു്. അങ്ങനെ പ്രമാദം വരുമെന്നുള്ള പ്രതീക്ഷയിൽ തന്നെയാണു് എല്ലാ കേസുകൾക്കും ഫസ്റ്റ് അപ്പീൽ, സെക്കൻറ് അപ്പീൽ എന്നെല്ലാം വച്ചിരിക്കുന്നതു്. സിവിൽ കോടതികളെ സംബന്ധിച്ചു വച്ചിട്ടുള്ള അപ്പീൽ കൊടുക്കുവാനുള്ള ഈ ഉപാധികൾ ഒന്നുംതന്നെ ഈ സ്മാൾകാസിൽ ലഭ്യമാകുന്നില്ല. കേവലം പണസംബന്ധമായ കേസുകൾ മാത്രമാണു്, സ്മാൾകാസു് ആയി ഈ ബില്ലു നിഷ്കർഷിക്കുന്നതെന്നു എനിക്കു അറിയാം. 100 രൂപായ്ക്കുള്ള പ്രോപ്പർട്ടി സ്യൂട്ടോ, എവർഷൻ സ്യൂട്ടോ ഈ ബില്ലിൽ പ്രതിപാദ്യമായിട്ടുള്ള കോടതിയുടെ പരിധിയിൽ വരികയില്ല എന്നും എനിക്കറിയാം. എന്നാൽ ഒരു കച്ചവടക്കാരന് ഒരാൾ 100 രൂപാ കൊടുക്കാനുണ്ടെങ്കിൽ ആ തുകയ്ക്കു അന്യായംകൊടുക്കുമ്പോൾ ആ തുക മുഴുവൻ കൊടുത്തുതീർത്തുപോയി അതായതു ഡിസ ചാർജ്ജ്, ഒന്നുകിൽ (കംപ്ലീറ്റ) Complete ഡിസ്ചാർജ്ജ്, അല്ലെങ്കിൽ Partial ഡിസ്ചാർജ്ജ് ഇതിൽ ഏതെങ്കിലും ഒന്നായിരിക്കും സാധാരണ കൊണ്ടുവരുന്നതു്. ഒരു പക്ഷെ, രേഖയില്ലാതെ വിശ്വാസത്തിന്മേൽ പണം കൊടുത്തുമിരിക്കാം. ഇതിന്മേലുള്ള ഒരു തീരുമാനത്തിനു് എല്ലായ്പോഴും തെളിവു ഹാജരാക്കുവാനായി അവധിവയ്ക്കും. ഒന്നോ, രണ്ടോ അവധിക്കകം വേണ്ട തെളിവു കൊടുക്കുവാനുള്ള സാവകാശം വാദിക്കു് കിട്ടിയില്ലെന്നുവരാം. ആ മറ്റു കാരണത്തിന്മേൽ കേസു് തള്ളിക്കളയാം. അങ്ങനെ വന്നാൽ ആ കേസിലെ വാദിക്കോ, അല്ലെങ്കിൽ പ്രതിക്കോ ന്യായമായ പരിഹാരം ലഭിക്കുവാൻ ഒരു വഴിയും ലഭ്യമാകുന്നില്ല

MR. P. M. VARGHESE : കക്ഷികൾക്ക് ഇങ്ങനെ വേണ്ടിടത്തോളം സാവകാശം കൊടുത്താൽ കേസിന്റെ തീരുമാനത്തിന വളരെ കാലതാമസം നേരിടുകയില്ലേ ?

MR. EAPPEN ARACKAL : അതെനിക്ക് അറിയാം. പക്ഷെ, കാലതാമസം ഉണ്ടാകുമെന്നുള്ള ആ ഭയംനിമിത്തം നീതിനിഷ്ഹണമേ വേണ്ടാ എന്ന വയ്ക്കാവുന്നതല്ല. കാലതാമസം ഉണ്ടാകുമെന്നകരുതി ന്യായമായ ഒരു തീരുമാനം ചെയ്യുവാൻ, അന്യായവാദത്തെപ്പറ്റി നീതിയായ ഒരു വിധി ഉണ്ടാകുവാൻ പര്യാപ്തമല്ലാത്ത വ്യവസ്ഥ ചെയ്യുകൂടെന്നാണ് എന്റെ അഭിപ്രായം. അതു വാട്ടർടൈറായിട്ട് ഒരു തീരുമാന ചെയ്യുവാനുള്ള പഴുതു സൃഷ്ടിക്കരുതു്. ക്രിമിനൽ പ്രൊസീഡിയർ കോഡിൽ ഒരുഭാഗത്തു് ഇങ്ങനെ പറയുന്നുണ്ട്.

It is better to allow 100 guilty persons to escape than to punish one innocent person."

ചിലപ്പോൾ അനാവശ്യമായ വ്യവഹാരങ്ങൾ ഉണ്ടാകുന്നപക്ഷം നിയമത്തിന്റെ ഈ പ്രൊവിഷൻ ഒരുപക്ഷെ ഒരു തിരുമാനമുണ്ടാക്കുവാൻ കാലതാമസത്തിനു സഹായകരമായേക്കാമെങ്കിലും ശരിയായ ഒരു തീരുമാനത്തിന് വഴിതെളിക്കുന്ന ഉത്തമവിശ്വാസമായ മാർഗ്ഗങ്ങളെ കോടതിക്ക് കാണിച്ചുകൊടുക്കുവാനും ആ മാർഗ്ഗങ്ങളെ അടിസ്ഥാനപ്പെടുത്തി വാദംനടത്തി നീതികിട്ടുവാനും ഉള്ള സൗകര്യം ഉണ്ടാകേണ്ടതു വളരെ അത്യാവശ്യമാണ്.

൪൦൦ രൂപായ്ക്കുപകരം ൫൦൦ എന്നാക്കിയാൽ ഞാൻ ഈ പറഞ്ഞ ദോഷത്തിനു പരിഹാരമാകുമോ എന്നു ചോദിച്ചേക്കാം. എങ്കിലും ൪൦൦-നെ അപേക്ഷിച്ചു കുറെയൊക്കെ സഹായിക്കാവുന്നതും അങ്ങനെ സമാധാനപ്പെടാവുന്നതുമായ ഒരു സംഖ്യയാണു ൫൦൦ രൂപാ. ഈ ൫൦൦ രൂപയിൽപോലും പലപ്പോഴും അനീതിപരമായ തീരുമാനങ്ങൾ ഉണ്ടാകാനാണ് ഇടയുള്ളതു്. ഇല്ലെങ്കിൽ ഇതിനകത്തു ഒരു റൂളുണ്ട്.

"the order and the decree of the court shall be final.....
... ... revision"

൫൦൦ രൂപായ്ക്കു മുകളിലുള്ള സംഖ്യവരുമ്പോൾ, "all orders decrees excepting those involving Rs. 200.—shall be final.....
... ...appael".

എന്നോ മറ്റോ ചേത്തെങ്കിലേ ശരിയായ നീതി ലഭിക്കുകയുള്ളൂ എന്നാണ് എന്റെ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly

MR. S. KUTTAN : ഓരോ മാസത്തിലും കൂടുതൽ കേസുകൾ ഡിസ്പോസു ചെയ്യുന്ന മുൻസിഫന്മാരാണു മിടുക്കന്മാർ എന്നല്ലേ ഗവൺമെൻറു പരിഗണിച്ചിരിക്കുന്നതു ? അതു കണക്കാക്കിയല്ലേ അവർക്കു പ്രമോഷൻ കൊടുക്കുന്നതു് ?

MR. EAPEN ARACKAL : ആയിരിക്കാം.

MR. S. KUTTAN : അതു നിലയ്ക്കു് എതുയും എളുപ്പം. കേസു ഡിസ്പോസുചെയ്യണമെന്നു ന്യായാധിപന്മാർ ആഗ്രഹിക്കുകയില്ലേ ?

MR. EAPEN ARACKAL : കേസു് എതുയും എളുപ്പം തീർക്കുന്നതിനെപ്പറ്റി എനിക്കു് അക്ഷേപമില്ല. പക്ഷെ അതു നീതിപൂർവ്വം തീർക്കണം എന്നമാത്രമാണു ഞാൻ പറയുന്നതു്. അതുകൊണ്ടു് ഇത്തരം കേസുകളിൽ തെളിവുകൊടുക്കുവാനും വാദിക്കുവാനും വേണ്ടിവന്നാൽ അപ്പീൽകൊടുക്കുവാനും മറ്റുമുള്ള അവകാശം ഒന്നും ലഭിക്കാതെ വാട്ടർടൈറ്റാക്കിത്തീർക്കുന്നതു നീതിയെക്കാൾ അനീതിയെ പുലർത്തുവാനായിരിക്കും സഹായിക്കുന്നതു്. ഹൈക്കോടതിയിൽ വന്നു് റിവിഷൻകൊടുക്കുന്നകാര്യം വളരെവളരെ പ്രയാസമുള്ള ഒന്നാണു്. അതിൽ ഭേദം അതാതു ഡിസ്ട്രിക്ടുകോടതികളിൽ അപ്പീൽ കൊടുക്കുവാനുള്ള അവകാശം ഉണ്ടായിരിക്കുന്നതാണു്. അപ്പീൽ അവകാശം ഇല്ലാതെ വരുന്നതു നിയമത്തിൻറെ തത്വത്തിനുതന്നെയും വിപരീതമാണു്. അതിനാൽ ഞാൻ ഭേദഗതിയെ അനുകൂലിച്ചുകൊള്ളുന്നു.

MR. K. A. GANGADHARAN MENON : ഈ നിയമനിർമ്മാണംകൊണ്ടു് ഉദ്ദേശിച്ചിട്ടുള്ളതു് എന്താണെന്നു വ്യക്തമാക്കണമെന്നു കരുതുന്നു. ഇപ്പോഴത്തെ സിവിൽകോർട്ടുകൾ നാലുവകുപ്പുകളാക്കിത്തിരിച്ചു് രണ്ടുതരത്തിലാണു് ഉള്ളതു്. ഒന്നു ഡിസ്ട്രിക്ടുകോർട്ടും മറ്റതു മുൻസിഫ കോർട്ടും. ഈ കോടതികൾ കൂടാതെ മൂന്നാമതൊരു small cause കോടതിക്കൂടി ഏർപ്പെടുത്തണമെന്നാണു നാലാമത്തെ വകുപ്പിലെ അമൻറുമെൻറുകൊണ്ടു് ഉദ്ദേശിച്ചിട്ടുള്ളതു്. ഈ അമൻറുമെൻറിനു് അനുയോജ്യമായി ഫസ്റ്റ്-ാംവകുപ്പിൽ ഈ കോടതിക്കു് എത്രത്തോളം അധികാരം ഉണ്ടായിരിക്കും. എത്രത്തോളം തുക വരുന്നസംഖ്യ സംബന്ധിച്ചുള്ള വ്യവഹാരങ്ങളാണു് ഈ കോർട്ടിനു അധികാരപരിധിയിൽ ഉൾപ്പെടുത്തേണ്ടതെന്നു ഫസ്റ്റ് എ-യും, ബി-യും വകുപ്പുകൾ വിവക്ഷിക്കുന്നു. അതോടു അനുസരണമായിതന്നെ പതിമൂന്നാംവകുപ്പിൽ ഒരു ഭേദഗതിചെയ്യാനുണ്ടു്. ഫസ്റ്റ്-ാംവകുപ്പിൽ മുൻസിഫന്മാക്കു് ഏതെല്ലാംതരത്തിലുള്ള കേസുകൾ small cause കോടതിയിൽ വിസ്തരിക്കാം

LIBRARY ARCHIVES Kerala Legislative Assembly

എന്നും എത്രസംഖ്യവരുന്ന കേസ്സ് ആയിരിക്കണമെന്നും വിവക്ഷിച്ചിട്ടുണ്ട്. ആ വകുപ്പു സിവിൽകോർട്ടആക്റ്റു ഫസ്റ്റ്-ാംവകുപ്പ് ഞാൻ വായിക്കാം.

"Every Muusiff shall try as small causes all suits of a civil nature except suits specified in No. 2 in Schedule II herein annexed the amount and the value of which does not exceed Rs. 100."

ഇതിന് അനുസരണമായി മുൻസിഫ്കോടതിക്ക് സ്റ്റ്-ാംവകുപ്പിൽ വിവക്ഷിച്ചിട്ടുള്ളതുപോലെ മുൻസിഫ്കോടതിക്ക് എത്രത്തോളം അധികാരം ഉണ്ടായിരിക്കും എന്ന് ഫസ്റ്റ്-ാംവകുപ്പിൽ വിവക്ഷിച്ചിട്ടുള്ളതുകൊണ്ടു പുത്തനായി ഉണ്ടാക്കുന്ന ഈ small cause കോർട്ടിനെ ഒഴിച്ച് മറ്റെല്ലാ മുൻസിഫ്കോടതികൾക്കും ഇപ്പോൾ ഉള്ളതുപോലെ ൫൦൦ രൂപായിൽ കവിയാത്ത കേസുകൾ വിസ്തരിക്കാമെന്നുള്ള ഒരു ഭേദഗതിയാണ് ഫസ്റ്റ്-ാംവകുപ്പ്. ഇപ്പോൾഉള്ള മുൻസിഫ്കോർട്ടിനെ ൫൦൦ രൂപായിൽ കവിയാതെയുള്ള സംഖ്യക്ക് small cause ആയി വിസ്തരിക്കാം എന്നുള്ള അധികാരം എടുത്തു കളഞ്ഞിട്ടില്ല. പുത്തനായി small cause കോടതികൾ ഉണ്ടാക്കുന്നുണ്ട്. മുൻസിഫ്കോർട്ടിനും ഡിസ്ട്രിക്ട്കോർട്ടിനും പുറമേയുള്ള small cause കോടതികളാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. പുത്തനായി ഉണ്ടാക്കുന്ന small cause കോർട്ടിന്റെഉദ്ദേശം പ്രധാനപ്പെട്ട സ്ഥലങ്ങളിൽ, കച്ചവടം ധാരാളമുള്ള സ്ഥലങ്ങളിൽ, ചില പ്രത്യേകകോടതികൾ ഉണ്ടാക്കി, അവിടത്തെ ചെറിയ ചെറിയ കേസുകളെക്കുറിച്ച് ഷെഡ്യൂളിൽ ഉൾപ്പെടാത്ത കേസുകൾക്ക് കാലവിളംബം ഉണ്ടാകാതെ അവ തീർച്ചചെയ്യണമെന്നാണ് ഉദ്ദേശം. മദ്രാസ് സിറ്റിയിലും, ബാംബെ, കൽക്കട്ട മുതലായ പട്ടണങ്ങളിൽ എല്ലാം ഈ മാതിരി small cause കോർട്ടുകൾ ഉണ്ട്. ആ കോടതിക്ക് ൫൦൦൦ രൂപാവരെയുള്ള കേസുകളെക്കുറിച്ചും small cause ആയി വിസ്തരിച്ചു തീരുമാനിക്കാം. മദ്രാസ് പ്രവാശ്യയിലെ small cause ആക്റ്റു അനുസരിച്ച് ൫൦൦ രൂപാവരെയുള്ള കേസുകൾ എല്ലാം മുൻസിഫന്മാർക്കു വിസ്തരിക്കാം. അവിടത്തെ പ്രൊവിൻഷ്യൽ ആക്റ്റു അനുസരിച്ച് ഗവണ്മെൻറ് ൫൦൦ രൂപാവരെ കൊടുത്തിട്ടുണ്ട്. സ്മാൾകാസായി വിസ്തരിക്കുന്നതിനുള്ള അധികാരം ൧൫൦൦ രൂപാവരെ കൂട്ടണമെന്നുണ്ടെങ്കിൽ അതിനുള്ള വ്യവസ്ഥ കൂടി മദ്രാസ് പ്രൊവിൻഷ്യൽ സ്മാൾകാസ് കോടതിആക്റ്റിൽ വ്യവസ്ഥയുണ്ട്. ഈ ബില്ലിൽ പറയുന്നപ്രകാരം സ്മാൾകാസ് കോർട്ടുണ്ടാകയും അതുപോലെതന്നെ ആ കോർട്ടിന്റെ പ്രവർത്തനം നോക്കി

LIBRARY ARCHIVES Kerala Legislative Assembly

മറ്റുള്ള സ്ഥലത്തുകൂടി വ്യാപിപ്പിക്കണമെന്നുണ്ടെങ്കിൽ അങ്ങനെ ചെയ്യാം. എന്നാൽ ഇപ്പോഴുള്ള മുൻസിഫ് കോടതികളെ സംബന്ധിച്ചിടത്തോളം സ്മാൾകാസ് കോർട്ട് അതിന്റെ അധികാരത്തെ തടയാതെയാണ് ഈ നിയമനിർമ്മാണം ഉണ്ടാക്കിയിട്ടുള്ളത്. Laws delays കമ്മിറ്റിയുടെ പരിഹാരം നിർദ്ദേശിച്ചതുമുതൽ പരാതിയുണ്ട് Laws delays കമ്മിറ്റി തന്നെ ഫ്രീ ഓവ്-ലൊ ഫ്രീ ഓൺ-ലോ ആണ് റിപ്പോർട്ടുകൊടുത്തിട്ടുള്ളത്. ഇങ്ങനെയുള്ള small cause കോടതികൾ ഉണ്ടാക്കി ചില കേസുകൾ സമറിയായി വിസ്തരിച്ചു തീർത്തില്ലെങ്കിൽ ദോഷമാണെന്നും കച്ചവടത്തിന് ദോഷമുണ്ടാകുമെന്നും പ്രസ്താവിച്ചിട്ടുണ്ട്. അതിന്റെ ശേഷവും ഹൈക്കോർട്ടിൽനിന്ന് ഈ കാര്യങ്ങൾ ചർച്ച ചെയ്യും ഇപ്പോൾ പഞ്ചായത്ത് കോടതികളുടെ നടത്തിപ്പിനെ പരിശോധിച്ചും പ്രധാന സ്ഥലങ്ങളിൽ അങ്ങനെയുള്ള small cause കോടതികൾ ഉണ്ടാക്കണമെന്നും ഉള്ള വിവരങ്ങൾ ഹൈക്കോടതിയും പര്യാലോചിച്ചു തീർച്ചയാക്കുന്നു. മദ്രാസിൽ small cause കോടതിക്ക് @ 0 0 രൂപാവരെയുള്ള കേസുകൾ വിസ്തരിച്ചു തീരുമാനിക്കാം. അതനുസരിച്ചാണ് ഇവിടത്തെ സ്മാൾകാസ കോടതിക്കും @ 0 0 രൂപാവരെയുള്ള കേസുകൾ തീരുമാനിക്കാൻ നിയമമുണ്ടാക്കുന്നത്.

MR. KANNARA GOPALAPANICKER: Laws delays കമ്മറ്റിയുടെ റിപ്പോർട്ട് ഗവണ്മെന്റ് അതേപടി സ്വീകരിച്ചിട്ടില്ലെന്നറിയാമോ?

MR. K. A. GANGADHARA MENON: മുഴുവൻ അംഗീകരിച്ചുവെന്നു ഞാൻ പറഞ്ഞിട്ടില്ല. എന്നാൽ ആ കാര്യങ്ങൾ പര്യാലോചിച്ചു ഹൈക്കോടതിയിൽനിന്നും പ്രസ്താവിച്ചതനുസരിച്ചാണ് ഈ ബിൽ ഗവണ്മെന്റ് അവതരിപ്പിക്കുന്നത്.

MR. KANNARA GOPALA PANICKER: അതിൽ തുക കാണിച്ചിട്ടുണ്ടോ?

MR. K. A. GANGADHARA MENON: ഉണ്ട്. @ 0 0 രൂപാ എന്നാണ്. ഇവിടെ മുൻസിഫന്മാർ ശരിയായി കേസുകൾ വിസ്തരിക്കുന്നില്ല. ഒരു പക്ഷേ corruption ഉണ്ടാകും എന്നെല്ലാം ഭയപ്പെട്ടുകാണുന്നു.

MR. P. NANOO: അങ്ങനെ ബഹുമാനപ്പെട്ട മെംബറും പറയുന്നുവോ?

MR. K. A. GANGADHARA MENON: ഞാൻ പറഞ്ഞില്ല.

MR. P. NANOO: അതു ശരിയാണെന്നു ഒരു അഡ്വക്കേറ്റെന്ന നിലയിൽ അങ്ങു അഭിപ്രായപ്പെടുന്നുണ്ടോ?

MR. K. A. GANGADHARA MENON: ജുഡിഷ്യറിയിൽ ഉണ്ടെന്നു സമ്മതിക്കാൻ ഞാൻ തയ്യാറില്ല. ഏതായാലും കറപ്ഷൻ ഉണ്ടെങ്കിൽ മറ്റു

LIBRARY ARCHIVES Kerala Legislative Assembly

ള്ളിടത്തേതിൽ കൂടുതലാണെന്നു സമ്മതിക്കാൻ നിവൃത്തിയില്ല. കറപ്ഷൻ ഉണ്ടെങ്കിൽ അതിനെ തടയാൻ നിയമമുണ്ട്.

MR. P. NANOO: അങ്ങനെ കറപ്ഷൻ ഉള്ളവരെ ഉണ്ടെങ്കിൽ എന്താണു് ചെയ്ക ?

MR. K. A. GANGADHARA MENON: അങ്ങനെയുള്ള ഉദ്യോഗസ്ഥന്മാരെ ഉടൻ ഡിസ്മിസ് ചെയ്യേണ്ടതാണു.

MR. P. NANOO: അങ്ങനെ ചെയ്താൽ പിന്നെ ഉദ്യോഗം നോക്കാൻ തിരുവിതാംകൂറിൽ ആളില്ലാതായിപോകയില്ലേ?

MR. K. A. GANGADHARA MENON: അങ്ങനെ തോന്നുന്നില്ല.

MR. THARIATHU KUNJITHOMMAN: യോഗ്യന്മാരായ വക്കീലന്മാരെ ആ സ്ഥാനത്തേക്കു നിയമിച്ചാൽ കറപ്ഷൻ മാറുകയില്ലേ ?

MR. K. A. GANGHADHARA MENON: നാം നിയമിക്കുന്ന ഒരു ജഡ്ജി കൈക്കൂലിക്കാരനാണെന്നു തെളിഞ്ഞാൽ അയാളുടെ മേൽ കർശനനടപടി നടത്തണം. അതായിരിക്കണം നമ്മുടെ ഉദ്ദേശം. അതുകൊണ്ടു് ഇവിടെ നടന്ന വാദപ്രതിവാദങ്ങളും കൈക്കൂലിയെ സംബന്ധിച്ചാണു. അതു് ഇതിനു തടസ്സമാകയില്ല. ഈ മാതിരി small cause കോടതികളും നാട്ടിന്റെ സ്ഥിതിക്കാവശ്യമാണു്. നാട്ടിലെ സ്ഥിതി എന്നു പറഞ്ഞതു് കച്ചവടസംബന്ധമായ കാര്യങ്ങളെക്കുറിച്ചാണു.

MR. S. KUTTAN: പ്രവിശ്യയിലെ സ്ഥിതിയും ഇവിടത്തെ സ്ഥിതിയും തമ്മിൽ വ്യത്യാസമില്ലേ ?

MR. K. A. GANGADHARA MENON: ഇതെല്ലാം എല്ലാവർക്കും അറിയാവുന്ന കാര്യമാണു്. ഏതായാലും പ്രവിശ്യയോളം നാം എത്തിയിട്ടില്ല. എല്ലാ മുൻസിഫന്മാർക്കും ആ അധികാരം കൊടുക്കാൻ നാം ഉദ്ദേശിക്കുന്നില്ല, ചില സ്ഥലങ്ങളിൽ പ്രത്യേക കോടതികളുണ്ടാക്കി അതിന്റെ പ്രവർത്തനം കണ്ടശേഷം മാത്രമേ ഒരഭിപ്രായം പറയാവു. അല്ലാതെ അതു പരിശോധിക്കുന്നതിനു മുൻപു് ഇതു വലിയ ഭയമുണ്ടായാൽ എങ്ങനെയാണു് ആവശ്യമായ നിയമങ്ങളും ഉണ്ടാക്കുക.

MR. P. NANOO: ഈ നിയമമനുസരിച്ചു് തിരുവിതാംകൂറിന്റെ എല്ലാ ഭാഗത്തും സ്മാൾകാസ് കോടതികളും നടപ്പാക്കാൻ പാടില്ലേ?

MR. K. A. GANGADHARA MENON: ആവശ്യമുണ്ടെങ്കിൽ കൊണ്ടുവരാം. അങ്ങനെ കൊണ്ടുവരേണ്ട ആവശ്യമില്ല. മുൻസിഫ് കോടതിയും ഡിസ്ട്രിക്ടുകോടതിയും കൂടാതെ മൂന്നാമതൊരു കോർട്ടാണു് ഉണ്ടാകാൻ പോകുന്നതു്. അതു ആവശ്യമുള്ള സ്ഥലങ്ങളിൽ മാത്രമേ ഗവൺമെന്റു് ഉണ്ടാക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

MR. P. M. VARGHESE : ഇങ്ങനെ എല്ലാ സ്വാതന്ത്ര്യം കൊണ്ടുവന്നാൽ മുൻസിഫന്മാരുടെ അധികാരം എടുത്തുകളഞ്ഞാൽ മതിയല്ലോ.

MR. K. A. GANGADHARA MENON : മതി. അതുകൊണ്ട് ഇതു നടപ്പിൽ വരുത്തണമെന്നും ൫൦൦ രൂപയിൽ കുറയാൻ പാടില്ലെന്നും ഞാൻ അപേക്ഷിക്കുന്നു.

MR. P. M. VARGHESE : സർ, ഈ ഭേദഗതിയെ അനുകൂലിക്കുന്നവർ പ്രധാനമായി കൊണ്ടുവന്ന വാദം ൫൦൦ രൂപായെന്നുള്ളതു സാധാരണക്കാരനായ ഒരു കക്ഷിക്ക് വളരെ ഭീമമായ ഒരു സംഖ്യയാണെന്നാണ്. എന്നാൽ എനിക്ക് അതിനു എതിരായി പറയാനുള്ളതു ഈ ൫൦൦ രൂപാക്കുവേണ്ടി സാധാരണക്കാരനായ ഒരു കക്ഷി സ്മാൾകാസ് കോർട്ടിലല്ലാതെ മുൻസിഫ് കോടതി മുതൽ ഹൈക്കോടതിവരെ വ്യവഹാരം നടത്തി ആ കേസ് തീരുമാനിക്കുമ്പോഴേക്കു ആ കക്ഷിക്കു വരുന്നതായ നഷ്ടം കൂടി ഈ ഭേദഗതിയെ അനുകൂലിക്കുന്നവർ ഒന്നു ചിന്തിക്കണം എന്നാണ്.

MR. K A GANGADHARA MENON : തോറായിട്ട് ഹൈക്കോടതി വിധിച്ചാലും ഇങ്ങനെ നഷ്ടം വരുന്നതല്ലേ?

MR. P. M VARGHESE : ഹൈക്കോർട്ടിലെ വിധിയാളന്മാർക്കു അഴിമതിക്കാരാകാമെങ്കിൽ എന്തുകൊണ്ട് പിന്നെ അതും ആയിക്കൂടാ.

MR. P. T. CHACKO : ഹൈക്കോർട്ടിലെ അഴിമതിയുടെ തോതു അനുസരിച്ച് ഈ കോർട്ടിലും വേണമെന്നാണോ പറയുന്നതു്.

MR. P. M. VARGHESE : അങ്ങനെ വേണമെന്നല്ല പറയുന്നതു്. നിയമം മാറിയതുകൊണ്ട് അഴിമതി മാറുകയില്ല എന്നാണ്.

MR. P, T. CHACKO : ഈ നിയമവും അഴിമതിയുമായി ബന്ധമില്ലെന്നറിയാമോ?

MR. P. M. VARGHESE : നല്ല വക്കീലന്മാരെ നിയമിച്ചാൽ പോരയോ എന്നു ഒരാൾ ചോദിച്ചു.

MR. K. A. MATHEW : നല്ല വക്കീലന്മാരെയാണോ അതോ സത്യസന്ധതയുള്ളവരെയാണോ നിയമിക്കേണ്ടതു്.

MR. P. M VARGHESE : നല്ല വക്കീലന്മാരിൽ ഇതെല്ലാം ഉൾക്കൊള്ളുമെന്നാണ് ഞാൻ വിചാരിക്കുന്നതു്. അതുകൊണ്ട് ൫൦൦ രൂപാ കൂടിപ്പോയി എന്നു് ഒരിക്കലും പറയാൻ തോന്നില്ല. പിന്നെ മറെറാന്നു പറഞ്ഞതു് ഈ കോർട്ടുകൾ ഇപ്പോൾ ഉദ്ദേശിച്ചിട്ടുള്ളതു പ്രധാനമായ വ്യവസായ കേന്ദ്രങ്ങളിലാണെന്നാണ്. പ്രധാനമായ

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായകേന്ദ്രങ്ങളിൽ ഇങ്ങനെയുള്ള കേസുകൾ എത്രയും എളുപ്പത്തിൽ തീരുമാനിക്കപ്പെടേണ്ടതാണ്. കാര്യങ്ങൾ വളരെക്കാലംകൊണ്ട് വളരെ വളരെ പരിശോധിച്ച് ചെയ്യുന്നതിനേക്കാൾ എളുപ്പം നടക്കുന്നവയായിരിക്കും കൂടുതൽ പ്രയോജനകരം. മാത്രമല്ല കേസുകളുടെ എണ്ണം എത്രയും കൂടുതൽ കുറയ്ക്കുന്നതിനു ശ്രമിച്ചുകൊണ്ടിരിക്കുന്ന ഇക്കാലത്താണ് ഈ ഭേദഗതി കൊണ്ടുവരുന്നത് തെറ്റാണ്. ഈ ഭേദഗതിയെ സപ്പോർട്ട് ചെയ്ത അംഗങ്ങൾക്ക് ഇതിന്റെ പ്രവർത്തനം ശരിയായി നടക്കണമെന്നോ അഴിമതി തടയണമെന്നോ ഉദ്ദേശമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. കാര്യങ്ങൾ യഥാർത്ഥത്തിൽ ശരിയായി നടക്കണമെന്നു അഭ്യർത്ഥമുണ്ടെങ്കിൽ ഈ ബിൽ അതേപടി പാസാക്കണമെന്നാണ് എനിക്കു പറയാനുള്ളത്.

HON'BLE MR. T. K. NARAYANA PILLAI: I move that the question be now put.

The clousure motion was put and carried.

HON'BLE MR. A. J JOHN: ഈ ബിൽ ഇവിടെ അവതരിപ്പിക്കാൻ കാരണം തിരുവിതാംകൂറിലുള്ള വ്യാപാരകേന്ദ്രങ്ങളിൽ നിന്നു ഗവണ്മെന്റിലേക്കു നിവേദനം ലഭിച്ചതിന്റെ ഫലമായിട്ടാണ്. കച്ചവടക്കാർ, പണസംബന്ധമായി കൊടുക്കുന്ന കേസുകൾ നാലും അഞ്ചും കൊല്ലം കിടക്കുന്നുവെന്നും അതിനാൽ അവർക്കു പല ബുദ്ധിമുട്ടുകളും ഉണ്ടാകുന്നുവെന്നും ഗവണ്മെന്റിനെ അറിയിച്ചു. ആ വിവരത്തെപ്പറ്റി അന്വേഷിക്കുന്നതിനു ഗവണ്മെന്റിൽ നിന്നും ഹൈക്കോർട്ടിലേക്കു എഴുതി അയച്ചു. ഹൈക്കോർട്ടിൽ നിന്നും അതുസംബന്ധമായ അന്വേഷണങ്ങൾ നടത്തിയതിന്റെ ഫലമായി ഇൻഡ്യയിൽ നടക്കുന്നതുപോലെ തിരുവിതാംകൂറിലും ഡിസ്ട്രിക്ട് കോർട്ടിനും മുൻസിഫ് കോർട്ടിനും മദ്ധ്യേയായി ഒരു small cause court ഉണ്ടാക്കണമെന്നു അഭിപ്രായപ്പെട്ടു. അതിനു അനുസരണമായി ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുകയാണു ചെയ്യുന്നത്. ഈ മാതിരി ഒരു ബിൽ നിയമസഭയിൽ അവതരിപ്പിച്ച് രണ്ടാംവായന കഴിഞ്ഞതാണ്. അതിന്റെ മൂന്നാംവായന നടത്താൻ സാധിച്ചില്ല. അതുകൊണ്ടാണ് ഇപ്പോൾ ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നത്. ഇതിനെക്കുറിച്ച് ചില തെറ്റിദ്ധാരണകൾ ഉള്ളതായി കാണുന്നു. ഈ ബില്ലിന്റെ തത്വം ഇവിടെ ഇതു അവതരിപ്പിച്ചപ്പോൾ തന്നെ വാദപ്രതിവാദം ചെയ്തതാണ്. ഈ ബില്ലിലുള്ള പ്രത്യേക വ്യവസ്ഥ ഡിസ്ട്രിക്ട്കോർട്ടിനും മുൻസിഫ് കോർട്ടിനും ഇടക്കു ഒരു small cause court ഉണ്ടാക്കണമെന്നുള്ളതാണ്. ഈ ബില്ലിന്റെ

LIBRARY ARCHIVES Kerala Legislative Assembly

[Hon'ble Mr. A. J. John.]

പ്രാഥമിക തത്വത്തെ സഭ അംഗീകരിച്ചിട്ടുള്ളതാണ്. ഇവിടെയുള്ള പല മെംബറന്മാരും അതിന്റെ തത്വത്തെ എതിർത്തതായി കണ്ടില്ല. എന്നാൽ അവരുടെ അഭിപ്രായത്തിൽ അതിന്റെ jurisdcion ൫൦൦ രൂപയിൽനിന്ന് ൨൦൦൦ രൂപയാക്കുന്നതു നന്നായിരിക്കുമെന്നു പറയുന്നു. ഇങ്ങനെയുള്ള കോട്ടം ഏർപ്പെടുത്തിയതുകൊണ്ട് ഇതിന്റെ ഉദ്ദേശം സാധിക്കുന്നില്ല എന്നാണ് ഗവണ്മെന്റിന്റെ ഉദ്ദേശം. ൫൦൦ രൂപായിൽ നിന്നു ൨൦൦൦ രൂപയാക്കിയാൽ ഇപ്പോഴത്തെ മുൻസിഫന്മാർക്കുള്ള അധികാരം ന്യൂരൂപയാണ്. അതിന്റെ കൂടെ ൨൫൦൦ രൂപാക്കൂടി കൂട്ടാമെന്നേയുള്ളൂ. തിരുവിതാംകൂറിൽ എല്ലാ സ്ഥലത്തും small cause ജഡ്ജിമാരെ നിയമിക്കുവാൻ സാദ്ധ്യമല്ല. അവർക്ക് അതിനുമാത്രം ജോലി കിട്ടുകയില്ല. അല്ലാത്തപക്ഷം അഞ്ചെട്ടു താലൂക്കുകൾ ഒന്നിച്ചു ചേർത്തു ഒരു സ്മാൾകാസ് ജഡ്ജിയെ നിയമിക്കേണ്ടിവരും. അതു പൊതുജനങ്ങൾക്ക് അസൗകര്യമായിരിക്കും. ഈ ജഡ്ജിമാരുടെ jurisdiction ൫൦൦ രൂപയിൽ നിന്നു ൨൦൦൦ രൂപയാക്കണമെന്നു ഭൂരിപക്ഷം മെമ്പറന്മാരും അഭിപ്രായപ്പെടുന്നുവെങ്കിൽ ഈ ബിൽ പിൻവലിക്കേണ്ടിവരുമെന്നു അറിയിച്ചുകൊള്ളുന്നു. സ്മാൾകാസ് കോർട്ടുകൾ സ്ഥാപിക്കുന്ന സ്ഥലങ്ങളിലുള്ള മുൻസിഫന്മാരുടെ small cause jurisdiction പിൻവലിക്കുന്നതിനുള്ള വ്യവസ്ഥയും ഈ ബില്ലിൽ ഉണ്ട്. small cause കോർട്ടിലെ വിസ്താരത്തെപ്പറ്റി പലതും പ്രസ്താവിച്ചു കേട്ടു. പിന്നീട് ഇതിലേക്കു നിയമിക്കുന്ന ജഡ്ജിമാർ കൈക്കൂലിക്കാരാകുമെന്നു പറഞ്ഞു കേട്ടു. അങ്ങനെ ഒരു പ്രസ്താവന ഉണ്ടായതിൽ ഞാൻ ഖേദിക്കുന്നു. തിരുവിതാംകൂർ judiciary യിൽ കൈക്കൂലിക്കാർ ഉണ്ടെന്നു പലപ്പോഴും പ്രസ്താവിച്ചു കേട്ടിട്ടുണ്ട്. ഉത്തരവാദിത്വബോധമുള്ള മെമ്പറന്മാരുടെ ഭാഗത്തു അങ്ങനെയുള്ള കാര്യങ്ങൾ ഗവണ്മെന്റിന്റെ ദൃഷ്ടിയിൽപ്പെടുത്തുകയെന്നുള്ളതാണ്. അങ്ങനെ അറിയിക്കാതെ ഇവിടെ വന്ന ഉദ്യോഗസ്ഥന്മാർ കൈക്കൂലിക്കാരാണെന്നു പറഞ്ഞാൽ അതുകൊണ്ടു യാതൊരു ഫലവുമില്ലെന്നു ഞാൻ അറിയിച്ചുകൊള്ളുന്നു.

MR. P. NANOO: ശേഷിയില്ലാത്തവരും സ്വഭാവശുദ്ധിയില്ലാത്തവരും judiciary യിൽ ഉണ്ടെന്നു സമ്മതിക്കുമോ?

HON'BLE MR. A. J. JONN : അതിനെക്കുറിച്ചു് അറിയാൻ പ്രത്യേകം ശ്രദ്ധിക്കുന്നതാണ്. ഇപ്പോൾ അതിനെക്കുറിച്ചു പ്രത്യേകം അറി

LIBRARY ARCHIVES Kerala Legislative Assembly

വൊന്നുമില്ല. ഇങ്ങനെയുള്ള സംഗതികളെക്കുറിച്ചു മിനിസ്റ്ററിയെ അറയിക്കേണ്ടതു് ഹൈക്കോടതിയുടെ മുമതലയാണു്. ക്രൂരതെ കൈക്കൂലിക്കാരെ നിയന്ത്രിക്കുന്നതിനായി നിയമസഭയിൽ Anti-corruptian Bill ഹാജരാക്കാൻ ഉദ്ദേശിക്കുന്നു.

MR. R. K. RAM (*Agastiswaram—General*) : Minister; *கை கைக் கூலி வாங்கினால் யாரை அறிவிக்க வேண்டுமென்று கேட்கிறேன்.*

HON'BLE MR. A. J. JHON : അങ്ങനെയുണ്ടെങ്കിൽ അവരെ നടപടിക്കു സാനം ചെയ്യാനുള്ള അധികാരം ഈ സഭയ്ക്കുണ്ടു്. Anti-corruption Bill പാസ്സാക്കുന്നതുകൊണ്ടു് ക്രൂടിയായിരിക്കും ഈ ബിൽ കൊണ്ടുവരുന്നതു്. അങ്ങനെ വല്ലവരും കൈക്കൂലിയെ ഭയപ്പെട്ടു് ഈ ബില്ലിനെ എതിക്കാതിരിക്കണമെന്നാണു് എനിക്കു പറയാനുള്ളതു്. ഇപ്പോഴുള്ള ഉദ്യോഗസ്ഥന്മാരിൽ കൈയ്ക്കൂലിക്കാരുണ്ടെങ്കിൽ മി. പി. നാണുതന്നെ അവരെ സംബന്ധിച്ചുള്ള വിവരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനു ഞാൻ അദ്ദേഹത്തെ ക്ഷണിച്ചുകൊള്ളുന്നു.

എനിക്കു പറയാനുള്ളതു് കച്ചവടക്കാരുടെ പണസംബന്ധമായ കേസുകൾ ഉടനടൻ തീർത്തില്ലെങ്കിൽ കച്ചവടസംബന്ധമായ പല ബുദ്ധിമുട്ടുകളും ഉണ്ടാകും. small cause കേസുകൾ വിസ്തരിക്കുമ്പോൾ സാക്ഷികളെ വിസ്തരിക്കുന്നില്ല എന്നു പറയുന്നതു നിയമപ്രകാരമുള്ള നടപടിയല്ല. സാക്ഷികളുടെ മുഴുവൻ തെളിവെടുക്കണമെന്നു വ്യവസ്ഥയില്ലെന്നു മാത്രമേയുള്ളു. അതിന്റെ മുരുക്കം എഴുതിയെടുക്കാൻ എല്ലാ small cause ജഡ്ജിമാരും ബാദ്ധ്യസ്ഥരാണു്. അങ്ങനെ തെളിവെടുക്കാതെ വിസ്തരിച്ചാൽ അതിനെക്കുറിച്ചു ഹൈക്കോർട്ടിൽ റിവിഷൻ കൊടുക്കാം.

MR. EAPEN ARRACKAL : ഒറ്റദിവസംകൊണ്ടുതന്നെ കേസുകേട്ടു വിധിച്ചിട്ടുള്ളതായി അറിയാമോ?

HON'BLE MR. A. J. JHON : Small cause കേസുകൾക്കു് ആദ്യവിചാരണക്കുതന്നെ തെളിവു ഹാജരാക്കണമെന്നാണു് വ്യവസ്ഥ. വക്കീലന്മാരുടെ പ്രേരണത്തിദോഷം കൊണ്ടോ സാക്ഷികൾ ഹാജരാകാതെ വന്നാലോ കോടതി കാത്തിരിക്കണമെന്നു വ്യവസ്ഥയില്ല. നേരത്തറിച്ചു തെളിവു കൊടുക്കണമെന്നുള്ളവർ തെളിവും സാക്ഷിയുമായി നേരത്തെ വരേണ്ടതാണു്.

MR. P. NANU : മൊഴി അതേനിലയിൽ റിക്കാഡു ചെയ്യണമെന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. A. J. JHON : അതേപടി എഴുതണമെന്നില്ല. memorandum ആയി എഴുതിയാൽ മതി. അല്ലേ എന്റെ മാന്യസ്നേഹിതനും അറിയാം.

MR. P. NANOO : മെമ്മോറാണ്ടത്തിൽ മൊഴി ശരിയായി എഴുതിയിട്ടുണ്ടോ എന്നതു എങ്ങനെ മനസ്സിലാക്കും?

HON'BLE MR. A. J. JOHN : അതു മെമ്മോറാണ്ടം നോക്കിയാൽ മനസ്സിലാകും. ജഡ്ജിയുടെ ഇഷ്ടംപോലെ അല്ലേ എഴുതുകയുള്ളൂ ചെയ്യുന്നത്. Relevant ആയിട്ടുള്ളതു എഴുതി എടുക്കും. അവർ അങ്ങനെ ചെയ്തില്ലെങ്കിൽ അതു രണ്ടാംകോടതിയുടെ ദൃഷ്ടിയിൽ കൊണ്ടുവരണം.

MR. P. NANOO : അങ്ങനെ രണ്ടാംകോടതിയുടെ ദൃഷ്ടിയിൽ കൊണ്ടുവന്നിട്ടുള്ളവയിൽ കിട്ടിയ അനുഭവം എന്താണെന്ന് അറിയാമോ?

HON'BLE MR. A. J. JOHN : അടിസ്ഥാനമില്ലാത്ത ആരോപണങ്ങൾ കൊണ്ടുവരുന്നവർ അതിനുള്ള ശിക്ഷ അനുഭവിക്കേണ്ടതാണെന്നാണ് എന്റെ അഭിപ്രായം. അതുകൊണ്ടു ഞാൻ ഈ ഭേദഗതിയെ ശക്തിയായി എതിർത്തുകൊള്ളുന്നു.

MR. P. NANOO : ഇത് മുഖത്തു നോക്കുന്ന നിലയിൽ എനിക്ക് രണ്ടു വാക്കു പറയാനുണ്ട്. അല്ലേ അനുഭവിക്കേണ്ടതാണു.

MR. PRESIDENT : You are not entitled to reply at this stage. ഒരു പ്രാവശ്യമുള്ളതു രണ്ടു പ്രാവശ്യമാക്കണമെന്നുള്ളതാണ് മി. പി. നാണുവിന്റെ ഭേദഗതി. അതിനെ അനുകൂലിക്കുന്നവർ മേശയിൽ തൊട്ടുപോകണം.

The amendment was put to vote and lost.

MR. S. NILAKANTA AIYAR : I demand a poll.

A poll was taken and the House divided as follows :—

Ayes—15

1 Mr. A. Achuthan
2 „ K. K. Chellappan Pillai
3 „ Bapen Arakkal
4 „ V. Gangadharan Nair
5 „ P. C. George
6 „ P. K. Kumaran Asari
7 „ P. Kunjukrishnan
8 „ P. Nanoo
9 „ P. S. Nataraja Pillai
10 Mr. S. Nilakanta Aiyar
11 „ K. P. Nilakanta Pillai
12 „ A. K. Pachu Pillai
13 „ Ponnara G. Sreedhar
14 „ A. Thanu Pillai
15 „ P. M. Varghese

LIBRARY ARCHIVES Kerala Legislative Assembly

Noes 59

1 Mr. T. A. Abdulla
2 „ V. A. Abdul Aziz
3 „ Abdul Majeed
4 Miss Accama Cheriyan
5 Mr. (Krishnan) Aiyappan
6 „ Albert Lopez
7 „ Alexander Vakayil
8 „ R. Achuthan
9 „ R. Bhaskaran
10 „ N. V. Chacko
11 „ P. Chacko
12 „ P. T. Chacko
13 „ G. Chandrasekhara Pillai
14 „ K. M. Chandy
15 „ Cheriyan J. Kappan
16 Dr. M. O. Cheriyan
17 Mrs. Deraki Gopidas
18 Mr. T. V. Devan
19 „ K. R. Elenkath
20 „ K. A. Gangadhara Menon
21 „ P. Gopalan
22 „ Kannara Gopala Panicker
23 „ A. J. John
24 „ A. V. Joseph
25 „ K. S. Joseph
26 „ Joseph Malieckal
27 „ C. Kesavan
28 „ T. T. Kesavan Sastri
29 „ N. S. Kochukunju
30 „ P. K. Krishnan Sastri
31 Mr. N. Kunjuraman
32 „ Kuttan (Sankaran)
33 „ Kuttappan (Kochayyappan)
34 „ E. K. Madhavan
35 „ Mankuzhi M. Madhavan
36 „ V. Madhavan
37 „ Majid Marikar
38 „ K. A. Mathew
39 „ Mohamed Mustafa
40 „ P. S. Muhammed
41 „ T. V. Narayana Pillai
42 „ G. P. Nilakanta Pillai
43 „ M. Pappu
44 „ Paul Thaliat
45 „ Paulose (Tyler)
46 „ Philipose Muthalaly
47 „ K. Ramachandran
48 „ K. Ramakrishna Pillai
49 „ P. K. Raman
50 „ Raman Pillai (Madhavan Pillai)
51 „ Pandavthu Sankara Pillai (Narayana Pillai)
52 „ K. Sarangadharan
53 „ K. Sekhara Panikar
54 „ S. Sivaraman Asari
55 „ A. P. Udayabhanu
56 „ N. P. Varghese
57 „ C. K. Vasudevan Asari
58 „ T. M. Varghese
59 „ V. K. Varghese

Neutrals—23

1 Mr. A. Abdul Razak
2 „ Adichan (Chennan)
3 „ S. Ambrose
4 „ Chellaswami Nadar
5 „ A. Chidambara Natha Nadar
6 „ N. Daniel Jose
7 „ Elias (Mary Antony)
8 „ Gabriel Nadar
9 „ D. Ganasigamoni
10 „ Mannar Gopalan Nair
11 „ T. Kochukrishna Pillai
12 „ T. A. Moideen Kunju
13 Mr. A. Netamony
14 „ D. Ponniah
15 „ K. Ramakrishnan Achari
16 „ R. K. Ram
17 „ A. Ramasubramonia Karayalar
18 „ Raphael J. Rodriguez
19 „ Sadasivan
20 „ Sankaran Nadar
21 „ K. Sivarama Pillai
22 „ P. Thanulingom Nadar
23 „ P. V. Urumese Tharakan

LIBRARY ARCHIVES Kerala Legislative Assembly

The question whether clauses 2 to 11 stand part of the Bill was put and carried.

Clauses 2 to 11 were adedd to the Bill.

The Question whether the Preamble stands part of the Bill was put and carried.

The Preamble formed part of the Bill.

The question whether the title stands part of the Bill was put and carried.

The title formed part of the Bill.

HON'BLE MR. A. J. JOHN: I move that the Travancore Civil Courts Act (Amendment Bill) be passed.

HON'BLE MR. N. KUNJURAMAN: I support the motion.

The motion was put and carried.

The Bill was passed.

THE TRAVANCORE ADAPTATION OF LAWS BILL.

HON'BLE MR. A. J. JOHN: I beg to present the report of the Select Committee on the Travancore Adaptation of Laws Bill and move that the Bill as reported by the Committee be taken up for consideration.

HON'BLE MR. N. KUNJURAMAN: I second the motion.

The motion was put and carried. The Bill was taken up for consideration.

The question whether Clause 2 stands part part of the Bill was put to vote and carried.

Clause 2 formed part of the Bill.

The question whether the schedule stands part of the Bill was put and carried.

The schedule formed part of the Bill.

The question whether the preamble stands part of the Bill was put and carried.

The preamble formed part of the Bill.

The question whether the title stands part of the Bill was put and carried.

The title formed part of the Bill.

HON'BLE MR. A. J. JOHN: Sir, I move that the Travancore Adaptation of Laws Bill be now passed.

HON'BLE MR. N. KUNJURAMAN: I second the motion.

The motion was put and carried.

The Bill was passed.

LIBRARY ARCHIVES Kerala Legislative Assembly